പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 511 17.07.2007-ൽ മറുപടിക്ക്

## വിവാഹ രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ജയരാജൻ:<br>ശ്രീ. കെ.കെ.ജയചന്ദ്രൻ:<br>ശ്രീ. എം. ഹംസ:<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി:<br>ശ്രീ. കെ.ടി. ജലീൽ: | ശ്രീ. എം. വിജയകുമാർ<br>(നിയമവും പാർലമെൻററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) എല്ലാ വിവാഹങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്തിരിക്കണമെന്ന സുപ്രീം കോടതി വിധി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 2006-ലെ കേരള രജിസ്ട്രേഷൻ ഓഫ് മാര്യേജ് (കോമൺ) റൂൾസ് എന്ന കരട് ചട്ടം സംസ്ഥാന സർക്കാർ തയ്യാറാക്കുകയും അത് വിജ്ഞാപനം ചെയ്ത് പൊതുജനങ്ങളിൽ നിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ച അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ 2007 ജൂൺ 13-ാം തീയതി ബഹു. മുഖ്യമന്ത്രി ക്രൈസ്തവ - മുസ്ലീം മതനേതാക്കൻമാരുടെ ഒരു യോഗം വിളിക്കുകയും ഇക്കാര്യത്തിലുള്ള അവരുടെ പരാതികളും നിർദ്ദേശങ്ങളും കേൾക്കുകയും ചെയ്തു. ചില മുസ്ലിം നേതാക്കൾ ഈ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിന് എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. അവരുടെ ആശങ്ക |

കേന്ദ്ര സർക്കാരിൻെറയും സുപ്രീം കോടതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുവാൻ യോഗം തീരുമാനിക്കുകയുണ്ടായി. അതിൻെറ അടിസ്ഥാനത്തിൽ, സുപ്രീം കോടതിയിലെ സ്റ്റാൻറിംഗ് കൗൺസലിൻെറ അഭിപ്രായം തേടിയിരിക്കുകയാണ്.

(സി) വിധി നടപ്പിലാക്കുന്ന കാര്യത്തിൽ ഏതെങ്കിലും മത സംഘടനകൾ എതിർപ്പു പ്രകടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

(സി) ഉണ്ട്. യോഗത്തിൽ പങ്കെടുത്ത ചില മുസ്ലിം സംഘടനകൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. മതപരമായി നിലനിൽക്കുന്ന വിവാഹ സമ്പ്രദായങ്ങളെ ഇതു പ്രതികൂലമായി ബാധിക്കുമെന്ന ആശങ്കയാണ് അവർക്കുള്ളത്.

(ഡി) കോടതി വിധി നടപ്പിലാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

(ഡി) സ്ത്രീകളുടെയും കുട്ടികളുടെയും അവകാശവും അഭിമാനവും സ്വാതന്ത്ര്യവും കാത്തു സൂക്ഷിക്കുന്നതിനു വേണ്ടി സുപ്രീംകോടതി പുറപ്പെടുവിച്ചിട്ടുള്ള ഈ വിധി സംസ്ഥാന സർക്കാരിന് അവഗണിക്കാൻ കഴിയുകയില്ല. എന്നാൽ ഇക്കാര്യത്തിലുള്ള മത സംഘടനകളുടെ ആശങ്കയും ദൂരീകരിക്കേണ്ടതുണ്ട്. അതിനു വേണ്ടിയുള്ള നടപടികളാണ് എടുത്തുവരുന്നത്. ഇക്കാര്യം സംസ്ഥാന സർക്കാരിന് മാത്രമായി കൈകാര്യം ചെയ്യാവുന്ന വിഷയം അല്ല. അതിനാലാണ് ഇക്കാര്യം കേന്ദ്ര സർക്കാരിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നത്.

ഉത്തരവിൻ പ്രകാരം,

[signature]

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 512 | 17.07.2007-ൽ മറുപടിയ്ക്ക്

## ഡാം സേഫ്റ്റി അതോറിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ഡി. സതീശൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. എം. മുരളി : | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഡാം സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) അതോറിറ്റിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ? | (എ)&(ബി) ഡാം സേഫ്റ്റി അതോറിറ്റി ചെയർമാന് കാര്യക്ഷമമായി കൃത്യ നിർവ്വഹണം നടത്തുന്നതിന് പര്യാപ്തമായ വിധം ചട്ടങ്ങളിൽ ഭേദഗതി വരുത്തി. വിദഗ്ദ്ധരായ അംഗങ്ങളെ ഉൾപ്പെടുത്തി അതോറിറ്റി പുനഃസംഘടിപ്പിച്ചു. ആഫീസ് കെട്ടിടം, ജീവനക്കാർ, വാഹനം തുടങ്ങി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 513 17--07--2007-ൽ മറുപടിയ്ക്ക്

### തൊഴിൽക്കരം

**ചോദ്യം**

ശ്രീ. തോമസ് ചാഴികാടൻ
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. ജോസഫ്. എം. പുതുശ്ശേരി

**ഉത്തരം**

ശ്രീ. പാലോളി മുഹമ്മദ് കുട്ടി
തദ്ദേശ സ്വയംഭരണവും
ഗ്രാമവികസനവും
വകുപ്പുമന്ത്രി

(എ) തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രതിവർഷം ഏത്ര രൂപ തൊഴിൽ കരം ഇനത്തിൽ പിരിച്ചെടുക്കുന്നുണ്ട്; പ്രസ്തുത തുക എന്തിനാണ് ചെലവഴിക്കുന്നത്;

(എ) 2006-07-ൽ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 54,12,06,972/- രൂപയും, നഗര സഭകളിൽ നിന്ന് 63.71 കോടി രൂപയും, തൊഴിൽ നികുതി ഇനത്തിൽ നിന്നും ലഭിക്കുകയുണ്ടായി. ഈ തുക വികസന പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശമ്പളം, കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്, ശുചീകരണം തുടങ്ങിയവക്കായി ചെലവഴിക്കുന്നു.

(ബി) തൊഴിൽക്കരം കാര്യക്ഷമമായി പിരിച്ചെടുക്കുവാൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളത്; തൊഴിൽക്കരം കൃത്യമായി പിരിച്ചെടുക്കുന്നുണ്ടോ;

(ബി) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നികുതിയുടെ പരിധിയിൽ വരുന്നവർ അതാത് സാമ്പത്തിക വർഷം നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയത്തുതന്നെ നികുതി ഒടുക്കുന്നതിന് ബാധ്യസ്ഥരാണ്. നികുതി കൊടുക്കാത്തവർക്കെതിരെ ശിക്ഷാ നടപടികൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ നികുതി നൽകേണ്ടതായ തിയതിയിൽ നൽകാത്ത പക്ഷം അതു നൽകേണ്ടതായ തീയതിമുതൽ പ്രതിമാസം ഒരുശതമാനം

----2/-

അനുബന്ധം II ലൈബ്രറിയിലുള്ള ഇതേ ദിവസത്തെ ഉത്തരത്തോടൊപ്പം ചേർത്തിട്ടുണ്ട്.

S.513



നികുതിയുള്ള പിഴ സഹിതം വസൂലാക്കുന്നതാണ്. എന്നാൽ പ്രദേശങ്ങളിലെ, സ്വകാര്യ മേഖലയിലെ അൺ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഹോസ്റ്റലുകൾ, പരോപകാരികളായ സ്ഥാപനങ്ങൾ, ട്യൂട്ടോറിയലുകൾ, വിവര സാങ്കേതിക മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ, വക്കീൽമാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, ആർക്കിടെക്റ്റുകൾ എന്നിവരിൽ നിന്നുള്ള വിഹിതം നികുതിയുടെ പരിധിയിൽ നിന്നും ഒഴിവായി നിൽക്കുന്നത് ബോധ്യപ്പെട്ടതിനാൽ, അവിടങ്ങളിലെ അധികാരികളോട് നികുതി ഈടാക്കുന്നതിന് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. തൊഴിൽനികുതി 100% പൂർണ്ണമായി പിരിച്ചെടുക്കാൻ കഴിയുന്നില്ല.

(ബി) ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ തൊഴിൽനികുതിയുടെ നിരക്കുകൾ എത്ര വീതമാണ്; ഇതെങ്ങനെ നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) ഗ്രാമപഞ്ചായത്തുകളിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204, 205, 205 എ മുതൽ ഒ വരെ വകുപ്പുകൾ പ്രകാരവും 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരവുമാണ് തൊഴിൽ നികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു. മുനിസിപ്പൽ കോർപ്പറേഷനിലെ തൊഴിൽനികുതിക്ക് കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി ചട്ടങ്ങൾ) ചട്ടം 3 പട്ടികയിൽ നിർണ്ണയിച്ചിട്ടുള്ള നികുതി സ്ലാബുകളാണ് നികുതി നിരക്കുകൾ. പരമാവധി

അർദ്ധ വാർഷിക നികുതി 1250/- രൂപയും ഏറ്റവും കുറഞ്ഞ അർദ്ധ വാർഷിക നികുതി 120 രൂപയുമാണ്.

അർദ്ധ വാർഷിക വരുമാനമാണ് നികുതി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം.

ടി വരുമാനം ഏത് സ്ലാബിൽപ്പെടുന്നുവെന്നതനുസരിച്ചാണ് നികുതി. വരുമാനം എന്നതിൽ അടിസ്ഥാന ശമ്പളം, ക്ഷാമബത്ത, ബോണസ്/ഫെസ്റ്റിവൽ അലവൻസ്, ലീവ് സറണ്ടർ എന്നിവ ഉൾപ്പെടുന്നു.

(ഡി) തൊഴിൽക്കരം നിരക്കുകൾ പുതുക്കി നിശ്ചയിക്കുന്നതിനു വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടോ; എങ്കിൽ എന്തൊക്കെ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

(ഡി) 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരമാണ് നിലവിൽ തൊഴിൽ നികുതി നിരക്ക് നിശ്ചയിച്ച് അവസാനമായി ഉത്തരവായിട്ടുള്ളത്. അതിനുശേഷം നാളിതുവരെ നികുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

തൊഴിൽ നികുതി പുതുക്കി നിശ്ചയിക്കുന്നതിന് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ല. ഭരണഘടന ആർട്ടിക്കിൾ 276-ൽ നിഷ്കർഷിച്ചിരിക്കുന്നത് അനുസരിച്ച് ഒരു തൊഴിലിൽ നിന്നും ഒരാൾ ഒരുവർഷം അടക്കേണ്ട പരമാവധി തൊഴിൽ നികുതി

2500 രൂപയാണ്. ഈ പരിധിയിൽ നിന്നു കൊണ്ടാണ് അതിനുതാഴെയുള്ള നികുതി സ്ലാബുകൾ നിശ്ചയിച്ചിട്ടുള്ളത്.

2005 ഏപ്രിൽ 30-ാം തീയതി നടത്തിയ വിജ്ഞാപന പ്രകാരമുള്ളതാണ് ഇപ്പോഴത്തെ തൊഴിൽ നികുതി നിരക്കുകൾ. ഒന്നും രണ്ടും സംസ്ഥാന ധനകാര്യ കമ്മീഷനുകൾ തൊഴിൽ നികുതി പിരിക്കുന്നതുമായി ബന്ധപ്പെട്ട് ചില നിർദ്ദേശങ്ങൾ വച്ചിരുന്നു. 11-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ നികുതി പിരിവു സംബന്ധിച്ച ഭരണഘടന വ്യവസ്ഥകൾ ഭേദഗതി ചെയ്യാൻ ശുപാർശ ചെയ്തിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾക്ക് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള നിരക്കുകൾ നിശ്ചയിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ.

S-513

## അനുബന്ധം - 1

| സ്ലാബ് | അർദ്ധ വാർഷിക വരുമാനം (രൂപ) | പരമാവധി അർദ്ധ വാർഷിക നികുതി |
|---|---|---|
| 1 | 12000 മുതൽ 17999 വരെ | 120 |
| 2 | 18000 മുതൽ 29999 വരെ | 180 |
| 3 | 30000 മുതൽ 44999 വരെ | 300 |
| 4 | 45000 മുതൽ 59999 വരെ | 450 |
| 5 | 60000 മുതൽ 74999 വരെ | 600 |
| 6. | 75000 മുതൽ 99999 വരെ | 750 |
| 7. | 100000 മുതൽ 124999 വരെ | 1000 |
| 8. | 125000 മുതൽ | 1250 |

Sd/-

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.514 | 17.7.2007-ൽ മറുപടിയ്ക്ക് |
|---|---|

### ക്യാൻസർ രോഗ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീ. പി.ടി.എ. റഹീം | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ക്യാൻസർ രോഗ ചികിത്സയ്ക്കായി നിലവിലുള്ള സൗകര്യങ്ങൾ കുറവാണെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; | ബി) ക്യാൻസർ രോഗികൾക്ക് വേണ്ട ചികിത്സാ സൗകര്യങ്ങൾ ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ താരതമ്യേന അപര്യാപ്തമാണ്. എന്നാൽ റിജിയണൽ ക്യാൻസർ സെന്ററിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. |
| സി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; | സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള എല്ലാ മെഡിക്കൽ കോളേജുകളിലും ക്യാൻസർ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോട്ടയം മെഡിക്കൽ കോളേജിലെ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ഒരു കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ആലപ്പുഴ മെഡിക്കൽ കോളേജിൽ റേഡിയേഷൻ ചികിത്സ ആരംഭിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജിന് 1.20 കോടി രൂപയുടെ എച്ച്.ഡി.ആർ.ആഫ്റ്റർ ലോഡിംഗ് സിസ്റ്റവും , കോഴിക്കോട് മെഡിക്കൽ കോളേജിൽ 1.50 കോടിയുടെ സിമുലേറ്ററും വാങ്ങുന്നതിനുള്ള അനുമതി സർക്കാർ നൽകിയിട്ടുണ്ട്.<br><br>തിരുവനന്തപുരം റിജിയണൽ ക്യാൻസർ സെന്ററിൽ 2006-ൽ 11,000/- രോഗികൾ പുതുതായി ചികിത്സയ്ക്കെത്തി അവിടെ രോഗികളുടെ എണ്ണത്തിനനുസരിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. 2007-2008 സാമ്പത്തിക വർഷത്തിൽ ഇതിലേയ്ക്കായി 9.50 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>ക്യാൻസർ രോഗ ചികിത്സയുടെ ഭാഗമായ ഫോളോ അപ്പ് കീമോ തെറാപ്പി നൽകുവാനുള്ള സൗകര്യം ജില്ലാ/ജനറൽ ആശുപത്രികളിൽ നിലവിലുണ്ട്. ഇപ്പോൾ ജില്ലാ തലത്തിൽ നിലവിലുള്ള പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പദ്ധതിയുണ്ട ഇതിനായി എല്ലാ ജില്ലകൾക്കുമായി 10 ലക്ഷം രൂപ ഈ വർഷത്തെ പ്ലാൻ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സർജിക്കൽ റിമൂവലിനുള്ള സൗകര്യം എല്ലാ ജില്ലാതല ആശുപത്രികളിലും ലഭ്യമാണ്. |
| ഡി) എല്ലാ താലൂക്കാശുപത്രികളിലും ക്യൻസർ രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും പ്രത്യേക വിഭാഗമാരംഭിക്കുമോ? | ഡി) തല്ക്കാലം ഉദ്ദേശമില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം.**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 616** — **17.7.2007-ൽ മറുപടിക്ക്.**

## ദേശീയ തൊഴിലുറപ്പ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ: ബി.രാഘവൻ:<br>ശ്രീ.സി.കെ.സദാശിവൻ:<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ: | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ). ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | എ). ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ 12-ാം വകുപ്പ് അനുസരിച്ച് പദ്ധതി പ്രവർത്തനം അവലോകനം ചെയ്യുന്നതിനായി സംസ്ഥാന തലത്തിൽ, സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും പ്രിൻസിപ്പൽ സെക്രട്ടറിയും ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാരുടെ അവലോകനയോഗം നടത്തിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രതിമാസ അവലോകനയോഗങ്ങൾ ഗ്രാമവികസന കമ്മീഷണർ നടത്തുന്നുണ്ട്. ഓരോ പ്രവർത്തിയുടെയും പുരോഗതി അവലോകനം ചെയ്യാൻ പ്രാദേശികമായി ജാഗ്രതാ മേൽനോട്ട സമിതികൾക്ക് (Vigilance and Monitoring Committee) രൂപം കൊടുത്തിട്ടുണ്ട്. മൊത്തം പ്രവർത്തികളുടെ 2% സംസ്ഥാന തല ഉദ്യോഗസ്ഥന്മാരും 10% ജില്ലാ തല ഉദ്യോഗസ്ഥന്മാരും 100% ബ്ലോക്ക് തല ഉദ്യോഗസ്ഥന്മാരും ഭൗതിക ഗുണനിലവാര പരിശോധന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനും പുറമെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ അവലോകനത്തിനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല/ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് സമിതികളും തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം അവലോകനം ചെയ്യുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി. | പദ്ധതി നടത്തിപ്പിലെ പോരായ്മകൾ പരിഹരിക്കുന്നതിനും പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | ബി. | പദ്ധതി നടത്തിപ്പിലെ പോരായ്മകൾ പരിഹരിക്കുന്നതിനും പദ്ധതി പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനുമായി ഗ്രാമസഭ ഫെസിലിറ്റേറ്റർമാരെ കണ്ടെത്തി പരിശീലനം നൽകിയിട്ടുണ്ട്. തൊഴിലുറപ്പ് പ്രവർത്തികളുടെ സംഘാടനത്തിന് എ.ഡി.എസ്. വോളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ട്. തൊഴിലാളികൾക്കുള്ള കൂലി ഉൾപ്പെടെ എല്ലാ പേയ്മെന്റുകളും ധനകാര്യ സ്ഥാപനങ്ങളിലൂടെ ചെക്ക് മുഖാന്തിരമാണ് നൽകുന്നത്. ഇതിലൂടെ ഇടനിലക്കാരെ ഒഴിവാക്കാൻ സാധിക്കുന്നു. സാധാരണക്കാർക്ക് മനസ്സിലാവുന്ന രീതിയിൽ എസ്റ്റിമേറ്റും പ്രവൃത്തി വിവരങ്ങളും തയ്യാറാക്കണമെന്നും തൊഴിൽ സ്ഥലത്ത് ബോർഡ് സ്ഥാപിക്കണമെന്നും, കണക്കുകൾ പ്രദർശിപ്പിക്കണമെന്നും അവകളുടെ ജനകീയ പരിശോധന നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| സി. | പദ്ധതി പ്രകാരം അനുവദനീയമായ പണികൾക്ക് പുറമേ ഗ്രാമീണ ഭവന നിർമ്മാണം ഉൾപ്പെടെയുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | സി. | ഭവനനിർമ്മാണം, ദേശീയ തൊഴിലുറപ്പ് പദ്ധതിയിലെ അനുവദനീയ പ്രവർത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 516 17/7/2007 -ൽ മറുപടിക്ക്

പകർച്ചപ്പനിയെക്കുറിച്ച് പഠനം നടത്തുന്നതിന് കേന്ദ്ര ആരോഗ്യ വകുപ്പിന്റെയും ലോകാരോഗ്യ സംഘടനയുടെയും സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.ബാബു<br>" വർക്കല കഹാർ<br>" എം.മുരളി<br>" വി.ഡി.സതീശൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോഴുണ്ടായിരിക്കുന്ന മാരകമായ പകർച്ചപ്പനിയെക്കുറിച്ച് പഠനം നടത്തുന്നതിന് കേന്ദ്ര ആരോഗ്യ വകുപ്പിന്റേയും ലോകാരോഗ്യ സംഘടനയുടേയും സഹായം തേടണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; | (എ) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ നിന്നും വിദഗ്ദ്ധർ അടങ്ങിയ ഒരു സംഘം കേരളം സന്ദർശിച്ച് പഠനങ്ങൾ നടത്തിവരുന്നു. ലോകാരോഗ്യ സംഘടനയുടെ സഹായം തേടണമെന്ന നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) സംസ്ഥാനം ഗുരുതരമായ പുതിയ പകർച്ചാവ്യാധികളുടെ ഭീതിയിലായതിനാൽ ഇവയെ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനുമായി സംസ്ഥാനത്ത് ഒരു ബഹുജന ആരോഗ്യ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ; | (ബി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (സി) കാലാഅസർ, സ്ക്രബ്ടൈഫസ്, ടിക്ടൈഫസ് എന്നീ രോഗങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഭാഗങ്ങളിലാണ് ഇത്തരം രോഗങ്ങൾ കണ്ടെത്തിയിട്ടുള്ളത്; | (സി) സംസ്ഥാനത്ത് കൊല്ലം, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിലെ ചില സ്ഥലങ്ങളിൽ കാലാ അസർ രോഗം കണ്ടെത്തിയിട്ടുണ്ട്. ടൈഫസ് ഫിവർ ബാധിച്ച് കോഴിക്കോട്ട് ഒരു കുട്ടി മരിച്ചതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ അന്തിയൂർക്കോണം, പാലോട്, കരിങ്ങാനൂർ, ഇളവട്ടം എന്നീ സ്ഥലങ്ങളിൽ സ്ക്രബ് ടൈഫസ് എന്നു സംശയിക്കുന്ന രോഗം കണ്ടെത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇവ നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ഡി)കാലാ അസർ രോഗ ബാധിതരുള്ള വീടുകളിലും ചുറ്റുവട്ടത്തുള്ള വീടുകളിലും ഈ രോഗം പരത്തുന്ന മണലീച്ചകളെ നശിപ്പിക്കുന്നതിനായി സിന്തറ്റിക് പൈറേതോറിയ്ഡ് ഉപയോഗിച്ച് ഇൻഡോർ റസിഡ്യുൾ സ്പ്രേയിംഗ് നടത്തിയിട്ടുണ്ട്. ഈ രോഗം മറ്റുള്ളവരിലേക്ക് പകർന്നിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള കിറ്റ് ലഭ്യമാക്കാൻ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്/ഡയറക്ടറേറ്റ് ഓഫ് നാഷണൽ വെക്ടർ ബോൺ ഡിസീസ് പ്രോഗ്രാം എന്നീ സ്ഥാപനങ്ങളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടൈഫസ് ഫീവർ പടരുന്നുണ്ടോ എന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസ് കോഴിക്കോട് യൂണിറ്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) യെല്ലോഫീവർ, വെസ്റ്റ്നൈൽഫീവർ എന്നീ രോഗങ്ങൾ വരാൻ സാദ്ധ്യതയുണ്ടെന്ന് ഏതെങ്കിലും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ; | (ഇ) യെല്ലോ ഫീവർ, വെസ്റ്റ്നൈൽ ഫീവർ എന്നീ രോഗങ്ങൾ പരത്തുന്ന കൊതുകുകളെ കേരളത്തിൽ കണ്ടെത്തിയിട്ടുണ്ട്. എന്നാൽ രോഗബാധ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (എഫ്) ഇവയുടെ വ്യാപനം തടയുന്നതിന് എന്തൊക്കെ പ്രതിരോധ നടപടികൾ സ്വീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എഫ്) പകർച്ചവ്യാധികൾക്ക് കാരണമാകുന്ന കൊതുകുകളെ നശിപ്പിക്കുന്നതിന് ഊർജ്ജിതനടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനസഹകരണത്തോടെയുള്ള പരിസര ശുചീകരണം, ബോധവൽക്കരണം, കൊതുകുകളുടെ പ്രജനന കേന്ദ്ര നശീകരണം എന്നിവ ഊർജ്ജിതമായി നടപ്പിലാക്കുകയും ഇതിനായി ആഴ്ചയിലൊരിക്കൽ "ഡ്രൈ ഡേ" ആചരിക്കാൻ പൊതുജനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.517 — 17.07.2007 -ൽ മറുപടിക്ക്

## നഗരസഭകളുടെ സുസ്ഥിര വികസനത്തിനുള്ള വായ്പ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. കെ.വി.തോമസ്:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. കെ. സുധാകരൻ: | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി | |
| (എ) | നഗരസഭകളുടെ സുസ്ഥിര വികസനത്തിനുള്ള വായ്പ എ.ഡി.ബി. ലഭ്യമാക്കിയോ; | (എ) | ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | വായ്പ ലഭ്യമാക്കുന്നതിന് മുമ്പു തന്നെ വായ്പ വാങ്ങുന്ന നഗരസഭകളുടെ കഴിഞ്ഞ വർഷം നടത്തിയ സാമ്പത്തിക ഇടപാടുകളുടെ വിശദമായ കണക്കുകൾ ഹാജരാക്കുവാൻ എ.ഡി.ബി ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ഇത്തരം കണക്കുകൾ ആവശ്യപ്പെടുവാൻ വായ്പകരാർ എ.ഡി.ബിയ്ക്ക് അധികാരം നൽകുന്നുണ്ടോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 518 — 17.7.2007 ൽ മറുപടിക്ക്

**കുപ്പിവെള്ള പദ്ധതിയും പി.വി.സി. പൈപ്പ് നിർമ്മാണ ഫാക്ടറിയും ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എൻ അനിരുദ്ധൻ<br>ശ്രീ. ബാബു പോൾ<br>ശ്രീമതി ഇ.എസ്. ബിജി മോൾ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. എൻ. രാജൻ | ശ്രീ. എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ കുപ്പി വെള്ള പദ്ധതിയും പി.വി.സി.പൈപ്പ് നിർമ്മാണ ഫാക്ടറിയും ആരംഭിക്കുന്നതിനുള്ള പദ്ധതി കളുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഈ പദ്ധതികളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;<br><br>(സി ) ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരി ക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ | (ബി & (സി) പദ്ധതികളുടെ നിർമ്മാണ ത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. പ്രസ്തുത റിപ്പോർട്ട് അംഗീകരിക്കുന്ന മുറയ്ക്ക് പദ്ധതികൾ ഒരു വർഷ ത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.519 17-7-2007-ൽ മറുപടിക്ക്

## യാചക പുനരധിവാസകേന്ദ്രം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീമതി.ജെ.അരുന്ധതി<br>ശ്രീ.വി.ജെ.തങ്കപ്പൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ | തലസ്ഥാന നഗരത്തിൽ യാചകനിരോധനം നടപ്പിലാക്കിയതിനെ തുടർന്ന് ഇതിനകം എത്ര പേരെ നഗരസഭയുടെ പുരധിവാസകേന്ദ്രത്തിൽ പ്രവേശിപ്പിച്ചുവെന്ന് അറിയിക്കുമോ; | എ | തിരുവനന്തപുരം നഗരസഭയിൽ യാചക പുനരധിവാസ കേന്ദ്രത്തിൽ നാളിതുവരെ 554 പേരെ പ്രവേശിപ്പിച്ചിട്ടുണ്ട്. |
| ബി | ഇപ്പോൾ പുനരധിവാസ കേന്ദ്രത്തിൽ എത്ര പേർ ഉണ്ട്; ഇവിടെ എത്രപേരെ താമസിപ്പിക്കുന്നതിനുള്ള സൗകര്യം ഉണ്ട്; | ബി | നിലവിൽ യാചക പുനരധിവാസ കേന്ദ്രത്തിൽ 49 പേരെ പാർപ്പിച്ചിട്ടുണ്ട്. അവിടെ ഒരേസമയം 60 പേരെ താമസിപ്പിക്കാനുള്ള സൗകര്യം ഉണ്ട്. |
| സി | യാചക പുനരധിവാസ കേന്ദ്രങ്ങളിലെ അന്തേവാസികളെ ഏറ്റെടുക്കുന്നതിന് ഏതെങ്കിലും സന്നദ്ധസംഘടന മുന്നോട്ടു വന്നിട്ടുണ്ടോ; | സി | ഉണ്ട്.<br>'സാധന' റീവൈവൽ സെന്റർ. മണ്ണന്തല; 'സ്നേഹാലയം' - ചിറയിൻകീഴ്; 'സ്നേഹാ ആശ്രമം' - മണ്ണന്തല എന്നിവരാണ് മുന്നോട്ടു വന്നിട്ടുള്ളത്. |

| | | | |
|---|---|---|---|
| ഡി | എങ്കിൽ ഇവർക്ക് എന്തെങ്കിലും സഹായങ്ങൾ ചെയ്തു കൊടുക്കുമെന്ന് അറിയിക്കുമോ; | ഡി | നിലവിൽ നഗരസഭയിൽ സഹായം നൽകാനുള്ള സംവിധാനങ്ങൾ ഒന്നും ഇല്ല. |
| ഇ | തിരുവനന്തപുരം നഗരസഭയിൽ യാചകനിരോധനം ഏർപ്പെടുത്തിയതിനെ തുടർന്ന് ഇവിടെ യാചകവൃത്തി നടത്തിയിരുന്നവർ മറ്റു പ്രദേശങ്ങളിലേക്ക് മാറിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഇ | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.520 17-7-2007-ൽ മറുപടിക്ക്

ചവർ സംസ്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജി.കാർത്തികേയൻ<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.ജോർജ് മേഴ്സിയർ<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നിലവിലുള്ള ചവർ സംസ്കരണ രീതികൾ അപര്യാപ്തമാണെന്നറിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) അശാസ്ത്രീയമായ രീതിയിൽ ഇത്തരം സംസ്കരണ നടപടികൾ സ്വീകരിക്കുന്നതുമൂലം ഭൂഗർഭ ജലം മലിനമാകുന്നതു സംബന്ധിച്ച് എന്തെങ്കിലും പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | ബി) എം.ജി.പി.യുടെ ഭാഗമായി C.W.R.D.M. പഠനം നടത്തി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| സി) സംസ്ഥാനത്താകെ ഉണ്ടാകുന്ന ഖരമാലിന്യത്തിന്റെ എത്ര ശതമാനമാണ് സംസ്കരണത്തിനായി ശേഖരിക്കുതെന്ന് വ്യക്തമാക്കാമോ; | സി) ഒരു വ്യക്തി ഒരു ദിവസം 200 ഗ്രാം മാലിന്യം ഉല്പാദിപ്പിക്കും എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലാകെ ഉല്പാദിപ്പിക്കപ്പെടാവുന്ന മാലിന്യം 6157 ടണ്ണാണ്. ഇതിൽ ഗ്രാമപ്രദേശങ്ങളിൽ ഉണ്ടാകുന്ന ഖരമാലിന്യത്തിന്റെ സിംഹഭാഗവും അവിടെത്തന്നെ പല പ്രകാരത്തിലും നിർമ്മാർജ്ജനം ചെയ്യപ്പെടുന്നുണ്ട്. എന്നാൽ നഗര സ്വഭാവം ഉള്ള |

ചില പ്രദേശങ്ങളിൽ നിന്നും 93 ടൺ ഖരമാലിന്യം ശേഖരിച്ച് സംസ്കരിക്കുന്നുണ്ട്. നഗരപ്രദേശങ്ങളിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യത്തിന്റെ 42 ശതമാനം (607 ടൺ) പ്രതിദിനം ശേഖരിച്ച് സംസ്കരിക്കുണ്ട്.

ഡി ഖരമാലിന്യം ശാസ്ത്രീയമായല്ല ശേഖരിക്കുന്നതെന്ന വസ്തുത കണക്കിലെടുത്ത് ഇതു പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഡി ഖരമാലിന്യ പരിപാലന ചട്ടം (2000) അനുശാസിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയുള്ള സംയോജിത ഖരമാലിന്യ പരിപാലന സംവിധാനമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. ഇതിനു വേണ്ട സാങ്കേതിക സഹായം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നുണ്ട്. ഖരമാലിന്യ പരിപാലനത്തിലെ ഘടകങ്ങൾ 1) സ്രോതസ്സിൽ തന്നെ തരംതിരിച്ചുള്ള സംഭരണം 2) ശാസ്ത്രീയമായ ശേഖരണം 3) കുറ്റമറ്റ ട്രാൻസ്പോർട്ടേഷൻ 4) ശാസ്ത്രീയമായ സംസ്കരണം 5) സാനിട്ടറി ലാന്റ് ഫില്ലിംഗ് സംവിധാനം 6) ബോധവൽക്കരണം എന്നിവയാണ്.

ഈ സംയോജിത ഖരമാലിന്യ പരിപാലനത്തിലെ പ്രധാനപ്പെട്ട ഘടകമാണ് സ്രോതസിൽ തന്നെ മാലിന്യം തരംതിരിച്ചു സംഭരിക്കുക എന്നത്. മുനിസിപ്പൽ മാലിന്യങ്ങളെ ജൈവം, അജൈവം, അപകടകരം എന്നിങ്ങനെ

മൂന്നായി തരംതിരിച്ച് ജൈവമാലിന്യങ്ങൾ പച്ചബക്കറ്റിലും അജൈവമാലിന്യങ്ങൾ വെള്ളബക്കറ്റിലും അപകടകരമായ മാലിന്യങ്ങൾ കറുത്ത ബക്കറ്റിലുമായി മാലിന്യം തരംതിരിച്ച് ശേഖരിക്കുവാനാണ് നിഷ്കർഷിച്ചിട്ടുള്ളത്. സർക്കാർ അംഗീകരിച്ച മാലിന്യ സംസ്കരണ പദ്ധതിയിൽ തരംതിരിച്ചുള്ള ശേഖരണത്തിന് വളരെ പ്രാധാന്യം കൊടുക്കുകയും ഇതിന് ആവശ്യമായ തുക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

മാലിന്യം ശാസ്ത്രീയമായി ശേഖരിക്കുന്നതിന് പൊതുജന ബോധവത്ക്കരണം അത്യാവശ്യമാണ് അതിനുള്ള ബോധവത്ക്കരണ പരിപാടികൾക്ക് ആവശ്യമായ തുകയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രീയമായി തരംതിരിച്ച് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളെ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നതാണ് കോഴിക്കോട് നഗരത്തിൽ പൂർണ്ണമായും തിരുവനന്തപുരം നഗരത്തിൽ 25 വാർഡുകളിലും ഇപ്രകാരം തരംതിരിച്ച് മാലിന്യശേഖരണം നടത്തിവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.521 17-7-2007-ൽ മറുപടിക്ക്

## ഖരമാലിന്യ നിർമ്മാർജനത്തിനുള്ള സൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.കെ.ചന്ദ്രൻ<br>ശ്രീ.എൻ.രാജൻ<br>ശ്രീ.രാജാജി മാത്യു തോമസ്<br>ശ്രീമതി.ഇ.എസ്.ബിജിമോൾ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

എ) ഖരമാലിന്യ നിർമ്മാർജ്ജന നിയമപ്രകാരമുള്ള ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുണ്ടോ; എങ്കിൽ ഇതിന് ഉത്തരവാദികളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കെതിരെ മലിനീകരണ നിയന്ത്രണ ബോർഡ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

എ) ഉണ്ട്. നടപടികൾ തൃപ്തികരമല്ലാത്തതിനാൽ കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, പഞ്ചായത്തുകൾ ഉൾപ്പെടെ 153 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബോർഡ് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. ഖരമാലിന്യ നിർമ്മാർജ്ജനത്തിന് കാര്യമായ പുരോഗതി നേടിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംവിധാനങ്ങൾ പൂർത്തീകരിക്കാൻ സാവകാശം അനുവദിക്കാനും, ഫലവത്തായ യാതൊരു നടപടിയും ആരംഭിക്കാത്തവർക്ക് ഒരു മാസത്തെ സമയം നൽകി അന്തിമ താക്കീത് ഉടനെ നൽകാനും, അതിനു തൃപ്തികരമായി പ്രതികരിക്കാത്തവരെ പ്രോസിക്യൂട്ട് ചെയ്യാനും മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്ദേശിക്കുന്നതായി അറിയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഖരമാലിന്യ നിർമ്മാർജ്ജനത്തിനുള്ള എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | ബി | ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 15 നഗരസഭകളിലും 5 പഞ്ചായത്തുകളിലും മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. 7 നഗരസഭകളിലും 3 പഞ്ചായത്തുകളിലും പ്ലാന്റ് നിർമ്മാണം പൂർത്തിയായി വരുന്നു. കൂടാതെ 17 നഗരസഭകളിലും 6 പഞ്ചായത്തുകളിലും ബയോഗ്യാസ് പ്ലാന്റുകളുമുണ്ട് കുടുംബശ്രീ യൂണിറ്റുകളുടെ സഹായത്തോടുകൂടി വീടുവീടാന്തരം വേസ്റ്റ് ശേഖരണം ഭാഗികമായി നടക്കുന്നുണ്ട് ഖരമാലിന്യ സംസ്കരണ പദ്ധതി, കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്നു. പല മുനിസിപ്പാലിറ്റികളിലും ഭാഗികമായി മാലിന്യ സംസ്കരണ സംവിധാനം നിലവിലുണ്ട്. വായു സാന്നിധ്യത്തിലുള്ള കമ്പോസ്റ്റ് നിർമ്മാണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, ബയോഗ്യാസ് ഉല്പാദനം എന്നിവയാണ് കൂടുതലായി അവലംബിച്ചുവരുന്ന സംസ്കരണ രീതികൾ. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: 522

17.7.2007ൽ മറുപടിക്ക്.

## തെരുവുനായ്ക്കളുടെ ശല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. പി.കെ. അബ്ദുറബ്ബ്<br>ശ്രീ. എം. ഉമ്മർ | ശ്രീ. പാലൊളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയം ഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) തെരുവ് നായ്ക്കളുടെ ശല്യം രാത്രികാലങ്ങളിൽ വൻ തോതിൽ വർദ്ധിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) നായ്ക്കളുടെ ശല്യം ഇപ്പോൾ പകൽ സമയത്തും വ്യാപകമായതിനാൽ ഇത് അടിയന്തിരമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്, ഇത് എന്നു മുതൽ നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ ? | (ബി) മുൻകാലങ്ങളിൽ 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ മൂന്നാം പട്ടികയിലെ ഗ്രാമ പഞ്ചായത്തുകളുടെ അനിവാര്യ ചുമതലകൾ 27 ാം നമ്പർ പ്രകാരവും മുനിസിപ്പാലിറ്റി ആക്ട് 434 പ്രകാരവും, അലഞ്ഞു തിരിയുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിന് 3/7/2002ലെ 25112/ഡി3/02/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 1960ലെ ജന്തു ദ്രോഹ നിയമ ത്തിന്റെ കീഴിൽ 2001ലെ എബിസി (ഡോഗ്സ്) റൂൾസ് പ്രകാരം തെരുവുനായ്ക്കളെ പിടിച്ച് നശിപ്പിക്കുന്നതിനു പകരം വന്ധ്യംകരണ ശസ്ത്രക്രിയ ചെയ്ത് പേവിഷബാധ പ്രതിരോധ കുത്തിവയ്പ് നൽകി, പിടിച്ച സ്ഥലത്ത് തിരിച്ചു വിടുക എന്ന കേന്ദ്ര നിർദ്ദേശ പ്രകാരം തെരുവ് നായ്ക്കളെ നശിപ്പിക്കുന്നത് |

ഃ.ഗ്ഗ-

നിർത്തലാക്കിക്കൊണ്ട് 2-8-2002ലെ 34657/ഡി3/01/ തസ്വഭവ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ 25-8-2004ലെ ഒ.പി. 676/04 നമ്പർ ഉത്തരവിൽ തെരുവ് നായ്ക്കളെ യുദ്ധകാല അടിസ്ഥാ നത്തിൽ ഏറ്റവും കുറച്ച് വേദന ഉളവാക്കുന്ന രീതിയിൽ നശിപ്പി ക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി)നമ്പർ 30611/04 , ഡബ്ല്യു. പി. (സി) നമ്പർ 19547/ 06 (എസ്) എന്നീ കേസു കളിൽ മേലുള്ള 22/8/2006-ലെ വിധിന്യായ പ്രകാരം 1960ലെ ജന്തു ദ്രോഹ നിരോധന നിയമത്തിന്റെ സെക്ഷൻ 9(എഫ്)11(3)ബി പ്രകാരം അപകടകാരികളായ മൃഗങ്ങളേയും തെരുവു നായ്ക്കളേയും നശിപ്പിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അവയുടെ അധികാരം ഉപയോഗിക്കാം എന്നും, ചട്ടങ്ങൾ നിയമത്തിന്റെ മുകളിലല്ലെന്നും, ആർട്ടിക്കിൾ 21 പ്രകാരം ജീവിക്കുക എന്നത് മൗലിക അവകാശമാണെന്നും തെരുവ് നായ്ക്കളുടെ ജീവനേക്കാൾ മനുഷ്യ ജീവന് പ്രാധാന്യം നൽകണ മെന്നും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

ബഹു. ഹൈക്കോടതിയുടെ 22/8/2006ലെ 19547/06 നമ്പർ റിട്ട് പെറ്റീഷനിലെ വിധിന്യായ പ്രകാരം തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനുള്ള നടപടി കളെടുക്കാൻ 24-4-2007ലെ 17957/ഡി3/07/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 523 — 17.7.2007 ൽ മറുപടിക്ക്

## ജവഹർലാൽ നെഹ്റു ദേശീയ നഗര പരിഷ്കരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ജെ.ജേക്കബ്<br>ശ്രീ.എം.എം.മോനായി<br>ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.അൽഫോൻസ് കണ്ണന്താനം | ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |

എ) ജവഹർലാൽ നെഹ്റു ദേശീയ നഗരപരിഷ്കരണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകളിൽ ജലസേചന വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്;

എ) ജവഹർലാൽ നെഹ്റു ദേശീയ നഗരപരിഷ്കരണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം കൊച്ചി കോർപ്പറേഷനുകളിൽ ജലവിഭവ വകുപ്പിന്റെ താഴെ പറയുന്ന പദ്ധതികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്:—

1) തിരുവനന്തപുരം നഗരസഭയ്ക്ക് വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ മെച്ചപ്പെടുത്തൽ —ഒന്നാംഘട്ടം — 87.16 കോടി രൂപ.
2) തിരുവനന്തപുരം നഗരസഭയുടെ സ്വീവറേജ് പദ്ധതി — മെച്ചപ്പെടുത്തൽ — ഒന്നാം ഘട്ടം — 215.41 കോടി രൂപ
3) കൊച്ചി നഗരത്തിനു വേണ്ടിയുള്ള ശുദ്ധ ജലവിതരണ പദ്ധതി — ഒന്നാം ഘട്ടം— ഭാഗം(1) —201.17 കോടി രൂപ
4) കൊച്ചി നഗരസഭയ്ക്ക് വേണ്ടിയുള്ള സ്വീവറേജ് പദ്ധതി — ഒന്നാംഘട്ടം — ഭാഗം(1) — 74.81 കോടി രൂപ.

ബി) ഈ പദ്ധതികളുടെ നടത്തിപ്പിനായി പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) 16.06.2007—ൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ ഗവൺമെന്റും വാട്ടർ അതോറിറ്റിയും കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പിടുന്നതിനായി തീരുമാനിച്ചിരുന്നു. ഇതിന്റെ അനന്തര നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ചു വരികയാണ്.

5.623

ജി) പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; പദ്ധതി പൂർത്തിയാകുമ്പോൾ ഓരോ കോർപ്പറേഷനിലും എത്ര പേർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ?

ജി) **തിരുവനന്തപുരം നഗരസഭ**

തിരുവനന്തപുരം നഗരസഭയിലെ അംഗീകാരം ലഭിച്ച ശുദ്ധജലവിതരണ പദ്ധതി 2009 ലും സ്വീവറേജ് പദ്ധതി 2010 ലും പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

തിരുവനന്തപുരം നഗരസഭയിലെ അംഗീകാരം ലഭിച്ച ശുദ്ധജലവിതരണപദ്ധതിപ്രകാരം തിരുവനന്തപുരം നഗരത്തിലേയും ശ്രീകാര്യം, കുടപ്പനക്കുന്ന്, വട്ടിയൂർക്കാവ് എന്നീ സമീപ പഞ്ചായത്തുകളിലേയും 2006 ജനസംഖ്യ അനുസരിച്ച് 13.39 ലക്ഷം പേർക്ക് പ്രയോജനം കിട്ടുന്നതാണ്. അംഗീകാരം ലഭിച്ച സ്വീവറേജ് പദ്ധതിപ്രകാരം ഉള്ളൂർ, കടകംപള്ളി, അറ്റിപ്ര, നേമം തിരുവല്ലം എന്നിവിടങ്ങളിൽ ബ്ലോക്കുകളിലെ 2006 ജനസംഖ്യപ്രകാരം 4.29 ലക്ഷം പേർക്ക് പ്രയോജനം ലഭിക്കുന്നതാണ്.

**കൊച്ചി നഗരസഭ**

കൊച്ചി നഗരസഭയിലെ പദ്ധതി തുടങ്ങി 2 വർഷ കാലയളവിനുള്ളിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ശുദ്ധജലവിതരണ പദ്ധതി പൂർത്തിയാകുമ്പോൾ, കൊച്ചി നഗരസഭയിലെ വിവിധ ഭാഗങ്ങളിലും സമീപ പഞ്ചായത്തുകളായ മരട്, കുമ്പളം, കുമ്പളങ്ങി, ചെല്ലാനം, മുളവുകാട്, എന്നീ പ്രദേശങ്ങളിലും കൂടി 3.44 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കും

സ്വീവറേജ് പദ്ധതി പൂർത്തിയാകുമ്പോൾ കൊച്ചി നഗരസഭയിലെ പനമ്പള്ളി നഗർ,ഗിരി നഗർ, ഗാന്ധി നഗർ എന്നീ പ്രദേശങ്ങളിലെ 1.90 ലക്ഷം പേർക്ക് പ്രയോജനം ലഭിക്കും.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 524 17.07.2007ൽ മറുപടിക്ക്

**മെഡിക്കൽ കോളേജുകളിലെ ക്ഷയരോഗ നിയന്ത്രണ സെൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എം.എ. സലാം<br>ശ്രീ. എ. കെ. ശശീന്ദ്രൻ | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) എല്ലാ മെഡിക്കൽ കോളേജുകളിലും ക്ഷയരോഗ നിയന്ത്രണ സെൽ പ്രവർത്തിക്കുന്നുണ്ടോ ; ഇതിനാവശ്യമായ സ്റ്റാഫിനെ ലഭ്യമാക്കിയിട്ടുണ്ടോ ; | എ) ഉണ്ട്. എല്ലാ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും, കണ്ണൂർ, പരിയാരം, കൊച്ചി എന്നീ സഹകരണ മെഡിക്കൽ കോളേജുകളിലും ഒരു മെഡിക്കൽ ആഫീസർ, ഒരു സീനിയർ ട്രീറ്റ്മെന്റ് ലാബ് സൂപ്പർവൈസർ (STLS) ഒരു ലബോറട്ടറി ടെക്നീഷ്യൻ (എൽ.റ്റി), ഒരു ടി.ബി. ഹെൽത്ത് വിസിറ്റർ (റ്റി.ബി.എച്ച്. വി.) എന്നീ ഉദ്യോഗസ്ഥൻമാരെ RNTCP (Revised National TB Control Programme)–യിൽ നിന്നും നിയമിച്ചിട്ടുണ്ട്. കേന്ദ്ര ക്ഷയരോഗ വിഭാഗത്തിന്റെ നിയമാവലി അനുസരിച്ച് ഇവർ പ്രവർത്തിക്കുന്നു. |
| ബി) സ്വകാര്യ മെഡിക്കൽ കോളേജുകളിൽക്കൂടി ക്ഷയ രോഗ നിയന്ത്രണ പരിപാടി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ; ഇതിനായി എത്ര സ്റ്റാഫിനെ അധികമായി നിയോഗിക്കേണ്ടിവരുമെന്ന് വെളിപ്പെടുത്തുമോ ; | ബി) കേരളത്തിലെ എല്ലാ സ്വകാര്യ മെഡിക്കൽ കോളേജുകളിലും പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി RNTCP ഇതിനകം തന്നെ നടപ്പാക്കി കഴിഞ്ഞു. RNTCP–യിൽ നിന്ന് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിന്റെ സെൻട്രൽ ടി.ബി. ഡിവിഷനിൽ നിന്നും കിട്ടിയിട്ടില്ല. അതിനാൽ, മെഡിക്കൽ കോളേജിലെ ഉദ്യോഗസ്ഥരാണ് ഇപ്പോൾ RNTCP–യിൽ ജോലി ചെയ്യുന്നത്. |
| സി) കേരളത്തിലാകെ എത്ര ടി.ബി. യൂണിറ്റുകളും മൈക്രോസ്കോപിക് സെന്ററുകളുമാണ് പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ? | സി) കേരളത്തിലാകെ ഇപ്പോൾ 67 ഗവൺമെന്റ് ടി.ബി. യൂണിറ്റുകളും, 367 മൈക്രോസ്കോപിക് യൂണിറ്റുകളും, കൂടാതെ, 104 സ്വകാര്യ മൈക്രോസ്കോപിക് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.525 | 17.7.2007-ൽ മറുപടിയ്ക്ക് |
|---|---|

## നേഴ്സുമാരുടെ നിയമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ.സി. രാജഗോപാൽ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) നഴ്സുമാരുടെ നിയമനത്തിന് കിടക്കകളുടെ എണ്ണവുമായി ബന്ധപ്പെടുത്തി എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) നഴ്സുമാരുടെ നിയമനത്തിന് നിലവിലുള്ള മാനദണ്ഡം അനുസരിച്ച് 6 കിടക്കകൾക്ക് ഒരു നഴ്സ് അതായത് 1:6 എന്ന അനുപാതമാണ് നിശ്ചയിച്ചിട്ടുള്ളത്. ഈ അനുപാതം 1:5 ആക്കി മാറ്റാമോ എന്ന് സർക്കാർ പരിശോധിച്ചുവരുന്നു. |
| ബി) പ്രസ്തുത മാനദണ്ഡം അനുസരിച്ച് നഴ്സുമാരെ എല്ലാ ആശുപത്രികളിലും നിയമിച്ചിട്ടുണ്ടോ; | ബി) ആരോഗ്യ വകുപ്പിൽ നിയമിച്ചുവരുന്നു. 6:1 എന്ന അനുപാതത്തിൽ എല്ലാ മെഡിക്കൽ കോളേജുകളിലും നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. |
| സി) കിടക്കകളുടെ എണ്ണത്തിന് ആനുപാതികമായി നഴ്സുമാരുടെ എണ്ണം നിശ്ചയിക്കുന്നതിനുപകരം അഡ്മിറ്റ് ചെയ്തിട്ടുള്ള രോഗികളുടെ എണ്ണവുമായി ബന്ധപ്പെടുത്തി റേഷ്യോ നിശ്ചയിക്കുമോ; | സി) കിടക്കകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് ആശുപത്രികളിൽ ജീവനക്കാരെ നിയമിക്കുന്നത്. |
| ഡി) നഴ്സുമാരുടെ കുറവ് നികത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | ഡി) സ്റ്റാഫ് നഴ്സുമാരുടെ നിയമനാധികാരി അതാത് ജില്ലാ മെഡിക്കൽ ഓഫീസർമാരാണ് .പി.എസ്.സി. ലിസ്റ്റ് നിലവിലുള്ള ജില്ലകളിൽ സ്റ്റാഫ് നഴ്സിന്റെ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് അപ്പോൾ തന്നെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ സ്റ്റാഫ് നഴ്സിന്റെ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ബോണ്ടഡ് നഴ്സുമാരെ താല്ക്കാലികമായി നിയമിച്ച് അപ്പോൾ തന്നെ ആ ഒഴിവുകൾ നികത്താൻ ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം മുഖേന വിവിധ ആരോഗ്യ കേന്ദ്രങ്ങളിൽ നഴ്സുമാരുടെ കുറവ് നികത്താൻ കരാർ അടിസ്ഥാനത്തിൽ താല്ക്കാലിക നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. |

| | |
|---|---|
| ഇ) നഴ്സുമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാൻ ഇൻസർവ്വീസ് ട്രെയ്നിംഗ് നൽകാറുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ? | ഇ) നഴ്സുമാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് 2005-2006 കാലയളവിൽ പരിശീലന പരിപാടിയിൻകീഴിൽ 4 ബാച്ചുകളിലായി 90 പേർക്കും, എയ്ഡ്സ് ട്രെയ്നിംഗ് പരിപാടിയിൻ കീഴിൽ 3 ബാച്ചുകളായി 71 പേർക്കും ഇൻസർവ്വീസ് ട്രെയ്നിംഗ് നൽകിയിട്ടുണ്ട്. പ്ലാൻഫണ്ട് ഉപയോഗിച്ചുള്ള സംസ്ഥാനതല പരിശീലന പരിപാടിയുടെ ഭാഗമായി 2 ബാച്ചുകളിലായി 37 നഴ്സിംഗ് ഓഫീസർമാർക്ക് മാനേജ്മെൻറ് ട്രെയ്നിംഗ് നൽകിയിട്ടുണ്ട്. 2006-2007 കാലയളവിൽ സംസ്ഥാന പരിശീലന പരിപാടിയിൻകീഴിൽ 3 ബാച്ചുകളിലായി 83 നഴ്സുമാർക്കും എയ്ഡ്സ് ട്രെയ്നിംഗ് പരിപാടിയിൻകീഴിൽ 12 ബാച്ചുകളിലായി 255 നഴ്സുമാർക്കും ഇൻസർവ്വീസ് ട്രെയ്നിംഗ് നൽകിയിട്ടുണ്ട്. പ്ലാൻ ഫണ്ട് പരിശീലന പരിപാടിയുടെ ഭാഗമായി 2 ബാച്ചുകളിലായി 64 നഴ്സിംഗ് സൂപ്രണ്ട്മാർക്ക് മാനേജ്മെൻറ് ട്രെയ്നിംഗ് നൽകിയിട്ടുണ്ട്. ഇതിനുപുറമേ പ്രജനന ശൈശവ ആരോഗ്യ പരിപാടിയുടെ ഭാഗമായും മറ്റ് ദേശീയ പരിപാടികളുടെ ഭാഗമായും നഴ്സുമാർക്ക് ജില്ലാതലത്തിൽ വിവിധ തരം ട്രെയ്നിംഗുകൾ നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.526 17-7-2007-ൽ മറുപടിക്ക്

പൊതുടാപ്പുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.യൂസഫ്<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്<br>ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.സാജു പോൾ<br>ശ്രീ.വി.എൻ.വാസവൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി) |
| എ) മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കുടിവെള്ള വിതരണത്തിനായുള്ള പൊതുടാപ്പുകളുടെ എണ്ണം വളരെ കുറവാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) ഓരോ കോർപ്പറേഷനിലും എത്ര പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്; പൊതുടാപ്പുകളുടെ വെള്ളക്കരം നിർണ്ണയിക്കുന്നത് എപ്രകാരമാണ്; | ബി) സ്ഥാപിച്ച പൊതു ടാപ്പുകളുടെ എണ്ണത്തെ സംബന്ധിച്ചിടത്തോളം മുമ്പു ചില പരാതികൾ ഉയർന്നതിനെ തുടർന്ന് കോർപ്പറേഷനും വാട്ടർ അതോറിറ്റി അധികൃതരും സംയുക്ത പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുകയും ഉണ്ടായിട്ടുണ്ട്. സ്ഥാപിച്ചിട്ടുള്ള ടാപ്പുകളുടെ |

| | | |
|---|---|---|
| | | എണ്ണം താഴെ പറയുംപ്രകാരമാണ്. തിരുവനന്തപുരം 1551. കൊല്ലം - 845, കൊച്ചി 6431. തൃശ്ശൂർ - 1560, കോഴിക്കോട് 1684. നഗരപ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പൊതു ടാപ്പുകളിൽക്കൂടി ഒരു മിനിറ്റിൽ ശരാശരി 5 ലിറ്റർ ജലം പ്രവഹിക്കും എന്ന അനുമാനത്തിൽ ഒരു ദിവസം 12 മണിക്കൂർ നേരത്തേക്ക്, പ്രതിദിനം 3.6 കിലോ ലിറ്റർ ജലം ലഭ്യമാകും. എന്ന കണക്കിൽ കിലോലിറ്ററിന് 2 രൂപ നിരക്കിലാണ് ടാപ്പ് ഒന്നിന് 2628/- രൂപ പ്രതിവർഷം വെള്ളക്കരമായി നിശ്ചയിച്ചിരിക്കുന്നത് |
| സി | കഴിഞ്ഞ ഒരു വർഷത്തിനകം നിലവിലുള്ള പൊതു ടാപ്പുകളുടെ എണ്ണത്തിൽ എത്രമാത്രം കുറവു വരുത്തിയിട്ടുണ്ട്: | സി പൊതുടാപ്പുകളുടെ എണ്ണത്തിൽ കുറവുവരുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| ഡി | പൊതുടാപ്പുകളിലെ വെള്ളം ദുരുപയോഗം ചെയ്യുന്നതു തടയുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി | പൊതുടാപ്പുകളിൽ കൂടിയുള്ള ജല ദുരുപയോഗം ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവ തടയുന്നതിനായി നടപടികൾ സ്വീകരിക്കാറുണ്ട്. ദുർവിനിയോഗം നടത്തുന്ന പൊതുടാപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അറിവോടുകൂടി താൽക്കാലികമായോ, സ്ഥിരമായോ വിഛേദിക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിക്കാറുണ്ട്. ദുർവിനിയോഗം ചെയ്യുന്ന വ്യക്തികളിൽ നിന്നും പിഴ ഈടാക്കാനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. |

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.527 — 17-7-2007-ൽ മറുപടിക്ക്

## "നിർമ്മൽ" പുരസ്കാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശശികുമാർ<br>ശ്രീ.പി.വിശ്വൻ<br>ശ്രീമതി കെ.എസ്.സലീഖ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.മുരളി പെരുനെല്ലി | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ | കേരളത്തിലെ എത്ര ഗ്രാമ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുക ൾക്കും നിർമൽ പുരസ്കാരം ലഭിച്ചു; | എ | കേരളത്തിലെ 226 ഗ്രാമപഞ്ചായ ത്തുകൾക്കും, 6 ബ്ലോക്കുക ൾക്കും നിർമ്മൽ പുരസ്കാരം ലഭി ച്ചു. |
| ബി | ഈ പുരസ്കാരം വഴി എത്ര കോടി രൂപയുടെ ധനസഹായമാണ് ലഭിച്ചത്; | ബി | ഈ പുരസ്കാരം വഴി 1243 ലക്ഷം രൂപ അനുവദിക്കുകയും അതിൽ 725.24 ലക്ഷം രൂപ ലഭിക്കുകയും ചെയ്തു. |
| സി | എല്ലാ ഗ്രാമപഞ്ചായത്തുക ൾക്കും നിർമൽ പുരസ്കാരം ലഭിക്കാൻ എന്തെല്ലാം നടപ ടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? | സി | 2008-2009 സാമ്പത്തിക വർഷ ത്തോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർ മ്മൽ ഗ്രാമ പുരസ്കാർ ലഭിക്കാ താഴെ പറയുന്ന നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. |

-------

S 522

1) എല്ലാ വീടുകളിലും [illegible] കക്കൂസുകളുടെ നിർമ്മാണം.

2) എല്ലാ സ്കൂളുകളിലും [illegible] ടികളിലും സാനിട്ടറി [illegible] ളുടെ നിർമ്മാണം

3) തുറസ്സായ സ്ഥലത്ത് മലവിസർജ്ജനം ഇല്ലാതാക്കാൻ [illegible] ത്തിന് കമ്മ്യൂണിറ്റി [illegible] കോംപ്ലക്സുകളുടെ നിർമ്മാണം

4) ഖരദ്രവ മാലിന്യങ്ങൾ [illegible] മായി സംസ്കരിച്ച് [illegible] പരിസരം സൃഷ്ടിക്കലും [illegible] ക്കലും.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.528 17-7-2007-ൽ മറുപടിക്ക്

<u>ബേസിക് സപ്പോർട്ട് ഫോർ അർബൻ പുവർ പ്രോഗ്രാം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ജെ.തങ്കപ്പൻ<br>ശ്രീ.ബി.രാഘവൻ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീമതി.കെ.കെ.ലതിക | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി) |

എ) കേന്ദ്രസർക്കാരിന്റെ ''ബേസിക് സപ്പോർട്ട് ഫോർ അർബൻ പുവർ'' പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപ ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

എ) ഉണ്ട്. കേന്ദ്രസർക്കാരിന്റെ ''ബേസിക് സപ്പോർട്ട് ഫോർ അർബൻ പുവർ'' പദ്ധതി അനുസരിച്ച് കേരളത്തിൽ തിരുവനന്തപുരം കോർപ്പറേഷന് 4258.71 ലക്ഷം രൂപയുടെ രണ്ടു പദ്ധതികൾക്കും കൊച്ചിക്ക് 2661.24 ലക്ഷം രൂപയുടെ ഒരു പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന്റെ കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡുവായി തിരുവനന്തപുരം കോർപ്പറേഷന്റെ ഒന്നാം ഘട്ട പദ്ധതിക്കായി 105.86 ലക്ഷം രൂപയും, കൊച്ചി നഗരത്തിന് 332.66 ലക്ഷം രൂപയും, തിരുവനന്തപുരം നഗരത്തിന്റെ രണ്ടാംഘട്ട പദ്ധതിക്കായി 745.88 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ബി.എസ്.യു.പി.

പദ്ധതി പ്രകാരം ആകെ 1184.40 ലക്ഷം രൂപ കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്.

ബി ഏതെല്ലാം നഗരങ്ങളിലാണ് പദ്ധതിക്ക് അംഗീകാരം നൽകിയത്; ഇവിടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

ബി കേരളത്തിൽ തിരുവനന്തപുരം, കൊച്ചി നഗരങ്ങളാണ് ബി.എസ്.യു.പി.പദ്ധതിയുടെ പരിധിയിൽ വരുന്നത്. ഈ രണ്ടു നഗരങ്ങളും സമർപ്പിച്ച ആദ്യഘട്ട പദ്ധതികൾക്ക് കേന്ദ്രസർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

തിരുവനന്തപുരത്ത് ഒന്നാം ഘട്ടത്തിൽ, 2 സെന്റ് കോളനി, രാജീവ് നഗർ കോളനി, കണ്ണമ്മൂല കോളനി എന്നീ ചേരികളുടെയും രണ്ടാം ഘട്ടത്തിൽ കരിമഠം കോളനിയുടെയും സമഗ്ര വികസനം (അടിസ്ഥാന സൗകര്യ വികസനവും, ചേരിനിവാസികളുടെ പുനരധിവാസവും, മാലിന്യ നിർമ്മാർജ്ജന പദ്ധതികളും, റോഡുകളും, കുടിവെള്ള പദ്ധതികളും) പൂങ്കുളം കോളനിയിൽ അഗതികൾക്കായുള്ള പുനരധിവാസ പദ്ധതിയും ഇതിലുൾപ്പെടും. കൂടാതെ തിരുവനന്തപുരം നഗരത്തിൽ 1000 വ്യക്തിഗത വീടുകളും, നഗ

രസഭയോടുചേർന്നുള്ള ശ്രീകാര്യം, വട്ടിയൂർക്കാവ്, വിഴിഞ്ഞം, കഴക്കൂട്ടം തുടങ്ങിയ പഞ്ചായത്തുകളിലായി 1000 വീടുകളും, ഈ പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൊച്ചി നഗരത്തിലെ ഇരുപത്തിനാലുമുറി, വെണ്ണലപ്പാറ, പടിയാത്തുകുളം, മുണ്ടംവേലി, പേരണ്ടൂർ കിസാൻ കോളനി, ഫിഷർമെൻ കോളനി എന്നിവയുടെ സമഗ്ര വികസനത്തിനുള്ള പദ്ധതിയും, പള്ളുരുത്തി റിലീഫ് സെറ്റിൽമെന്റും കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ 780 വ്യക്തിഗത വീടുകളും പദ്ധതിപ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (സി) പദ്ധതിമൂലം എത്രത്തോളം ദാരിദ്ര്യ നിർമ്മാർജ്ജനം സാധ്യമാകുമെന്ന് വെളിപ്പെടുത്തുമോ? | സി | ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നതിനുള്ള പദ്ധതികളും, ചേരികളുടെ സമഗ്ര വികസനവുമാണ് ബെയ്സിക് സർവ്വീസസ് ഫോർ അർബൻ പുവർ (ബി.എസ്.യു.പി) പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള |

ചേരികളിൽ ദാരിദ്ര്യ നിർമാർജ്ജനത്തിനുതകും വിധം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുന്നതായിരിക്കും. പദ്ധതി നടപ്പിലാക്കിക്കഴിയുമ്പോൾ തിരുവനന്തപുരം നഗരത്തിൽ 3133 ദരിദ്രർക്ക് പുതിയ വീടുകളും, 107 കുടുംബങ്ങളുടെ ഭവനപുനരുദ്ധാരണവും സാധ്യമാകും. കൂടാതെ ചേരികളിൽ 43 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതികളും 281 ലക്ഷം രൂപയുടെ ഡ്രൈനേജുകളുടെയും ഓടകളുടെയും പദ്ധതികളും നടപ്പിലാകും. കൊച്ചി നഗരത്തിൽ 1243 ദരിദ്രകുടുംബങ്ങൾക്ക് പുതിയ വീടുകളും 197 കുടുംബങ്ങളുടെ ഭവന പുനരുദ്ധാരണവും ഈ പദ്ധതിയിലൂടെ സാധ്യമാകും കൂടാതെ ചേരികളിൽ 83 ലക്ഷം രൂപയുടെ കുടിവെള്ള പദ്ധതിയും ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാൻ കഴിയും.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 529 — 17-07-2007-ൽ മറുപടിക്ക്

## ബ്ലഡ് ബാങ്കുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ബാബു പോൾ<br>ശ്രീ.കെ.അജിത്<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.മാങ്കോട് രാധാകൃഷ്ണൻ | | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലൈസൻസുള്ള എത്ര ബ്ലഡ് ബാങ്കുകൾ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലും പ്രവർത്തിക്കുന്നുണ്ട് ; | (എ) | സംസ്ഥാനത്ത് ലൈസൻസുള്ള 141 ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നതിൽ സർക്കാർ മേഖലയിൽ 30 എണ്ണവും കേന്ദ്ര സർക്കാർ മേഖലയിൽ 2 എണ്ണവും സഹകരണ മേഖലയിൽ 6 എണ്ണവും സ്വകാര്യ മേഖലയിൽ 103 എണ്ണവും പ്രവർത്തിക്കുന്നു . |
| (ബി | ലൈസൻസില്ലാതെ എത്ര ബ്ലഡ് ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട് ; | (ബി) | ലൈസൻസില്ലാത്ത ബ്ലഡ് ബാങ്കുകൾ ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല . |
| (സി) | കോട്ടയം മെഡിക്കൽ കോളേജിലെ ബ്ലഡ് ബാങ്കിനോടനുബന്ധിച്ചുള്ള ''ബ്ലഡ് കംപോണന്റ് യൂണിറ്റിന്'' ലൈസൻസ് ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ലൈസൻസ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ; | (സി) | കോട്ടയം മെഡിക്കൽ കോളേജിലെ ബ്ലഡ് ബാങ്കിന് ബ്ലഡ് കംപോണന്റ്സ് നിർമ്മിക്കുന്നതിനുള്ള അനുമതി 2007 ഡിസംബർ വരെ നൽകിയിട്ടുണ്ട്. |
| (ഡി) | ആരോഗ്യ വകുപ്പിൽ ഡി.എച്ച്.എസ്. ന്റെ കീഴിൽ പല ബ്ലഡ് ബാങ്കുകളും ആവശ്യത്തിന് സാങ്കേതിക വിദഗ്ധരില്ലാത്തതിന്റെ പേരിൽ പ്രവർത്തിക്കാത്ത വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ലൈസൻസ് കിട്ടിയെങ്കിലും സാങ്കേതിക വിദഗ്ധരില്ലാത്തതിന്റെ പേരിൽ പ്രവർത്തനം തുടങ്ങിയിരുന്നില്ല. എന്നാൽ ഇപ്പോൾ സാങ്കേതിക വിദഗ്ധരെ നിയമിച്ചു കഴിഞ്ഞു. ഉടൻ തന്നെ പ്രവർത്തനം തുടങ്ങാനാകും. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 530

17.7.2007-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി യാത്രക്കാർക്ക് സീസൺ ടിക്കറ്റ്

ചോദ്യം

ശ്രീ.തോമസ് ഉണ്ണിയാടൻ

റെയിൽവേ യാത്രക്കാർക്ക് നിലവിലുള്ള സീസൺ ടിക്കറ്റ് സംവിധാനം പോലെ കെ.എസ്. ആർ.ടി.സി. യാത്രക്കാർക്ക് സീസൺ ടിക്കറ്റ് ഏർപ്പെടുത്താൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

ശ്രീ.മാത്യു.ടി.തോമസ്
ഗതാഗതവും പ്രിൻറിംഗും സ്റ്റേഷനറിയും വകുപ്പ്
മന്ത്രി

കെ.എസ്.ആർ.ടി.സി യുടെ നിലവിലുള്ള സാഹചര്യങ്ങളിൽ സീസൺ ടിക്കറ്റ് സമ്പ്രദായം നടപ്പാക്കുവാൻ കഴിയുന്നില്ല. സ്ഥിതിഗതികൾ മെച്ചപ്പെടുന്ന അവസ്ഥയുണ്ടാകുന്ന പക്ഷം അപ്പോൾ പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 531 — 17.7.2007ൽ മറുപടിയ്ക്ക്

### ആരോഗ്യവകുപ്പിലെ സ്ഥലം മാറ്റത്തിന് മാനദണ്ഡം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.കെ..വി.കുഞ്ഞിരാമൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ. സി.എച്ച് കുഞ്ഞമ്പു | ശ്രീമതി. പി.കെ. ശ്രീമതി. ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) ആരോഗ്യവകുപ്പിലെ സ്ഥലം മാറ്റത്തിന് മാനദണ്ഡം എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എന്ന് മുതലാണ് നടപ്പിലാക്കിയത്; | എ) ഉണ്ട്<br>4.5.1995 മുതൽ |
| ബി) ഗ്രാമ പ്രദേശങ്ങളിലെ സേവനം സംബന്ധിച്ച നിബന്ധനകൾ എന്തെല്ലാമാണ്; | ബി) 22.5.1989 ലെ സ.ഉ (പി) 15/89/പി അൻറ് എ.ആർ.ഡി. 10 (ബി) ഖണ്ഡിക പ്രകാരം ട്രൈബൽ ഏരിയകളിലെയും വിദൂര പ്രദേശങ്ങളി ലെയും രണ്ട് വർഷത്തെ സേവനം മൂന്ന് വർഷമായി സ്ഥലം മാറ്റത്തിന് പരിഗണിക്കുന്നതാണ്. 21.2.2005 ലെ സ.ഉ. ആർ റ്റി നം 504/05 ൻെറ അനുബന്ധം 42-ാം ഖണ്ഡിക പ്രകാരം ബുദ്ധിമുട്ടുള്ള പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങിൽ ജോലി ചെയ്യുന്ന മെഡിക്കൽ ആഫീസറൻമാരുടെയും രണ്ടുവർഷത്തെ സേവനം മൂന്നു വർഷമായി പരിഗണിച്ച് സ്ഥലം മാറ്റത്തിന് മുൻഗണന നൽകിവരുന്നു. |
| സി) സ്ഥലം മാറ്റം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ? | സി) 21.2.2005 ലെ സ.ഉ. (ആർ .റ്റി) നം. 504/2005/ആകു.വ ഉത്തരവ് ഖണ്ഡിക 11,12 പ്രകാരം സ്ഥലം മാറ്റം സംബന്ധിച്ച പരാതികൾ ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസർ, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റൻറ് എന്നിവർ പരിശോധിച്ച് തീർപ്പ് കല്പിക്കുന്നു. തീർപ്പാകാത്ത പരാതികൾ സംസ്ഥാന തലത്തിൽ ആരോഗ്യവകുപ്പു ഡയറക്ടർ , ആരോഗ്യവകുപ്പു അസി. ഡയറക്ടർ (വിജിലൻസ്) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും പരിശോധിക്കുന്നു. സംസ്ഥാനതലത്തിൽ പരിഹരിക്കപ്പെടാത്തവ ബന്ധപ്പെട്ട ജോയിൻറ് സെക്രട്ടറി , അഡീഷണൽ സെക്രട്ടറി , ആരോഗ്യ വകുപ്പ് സെക്രട്ടറി എന്നിവരും പരിശോധിച്ച് പരിഹരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 532 | 17.7.2007-ൽ മറുപടിയ്ക്ക് |
|---|---|

### <u>ആശുപത്രികളിലെ സേവനം മെച്ചപ്പെടുത്താൻ നടപടി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് എം. പുതുശ്ശേരി<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. തോമസ് ചാഴികാടൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ ക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്ന സാധുക്കളായ രോഗികൾക്ക് എന്തെല്ലാം സൗജന്യങ്ങളാണ് നല്കുന്നത്;<br><br>ബി) പ്രസ്തുത വിഭാഗങ്ങൾക്ക് സൗജന്യമായി ചികിത്സ, ലബോറട്ടറി പരിശോധന, ആഹാരം എന്നിവ നല്കുവാൻ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുമോ; സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ് ഇതു സഫലമാക്കി സാധുക്കളായ രോഗികൾക്ക് ആശ്വാസം നല്കുമോ; | (എ) യും (ബി) യും<br><br>സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്ന സാധുക്കളായ ബി.പി.എൽ കാർഡ് <u>ഉള്ള</u> രോഗികൾക്ക് ചികിത്സ, ലബോറട്ടറി പരിശോധന എന്നിവ പൂർണ്ണമായും സൗജന്യമായി നല്കിവരുന്നു. ഇതിനുള്ള നിർദ്ദേശം എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നല്കിയിട്ടുള്ളതാണ്. തിരുവനന്തപുരം എല്ലാ സർക്കാർ ആശുപത്രികളിലും സാധുക്കളായ രോഗികൾക്ക് സന്നദ്ധ സംഘടനകൾ മുഖേനയും അല്ലാതെയും സൗജന്യഭക്ഷണം നൽകിവരുന്നുണ്ട്. |
| സി) സർക്കാർ ആശുപത്രികളിൽ ശുചിത്വം, സഹകരണമനോഭാവം, സുരക്ഷിതത്വബോധം ഇവ ഉറപ്പാക്കുവാൻ ആശുപത്രി വികസന സമിതികൾക്ക് മാർഗ്ഗ രേഖ തയ്യാറാക്കി നല്കുമോ;<br><br>ഡി) ആശുപത്രി പരിസരം ശുചിയായി സൂക്ഷിക്കുവാനും ഔഷധ വൃക്ഷങ്ങൾ, പൂച്ചെടികൾ ഉൾപ്പെടെയുള്ളവ വച്ചുപിടിപ്പിക്കുവാനും സത്വരനടപടി സ്വീകരിക്കുമോ? | (സി) യും (ഡി) യും<br><br>ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ സഹകരണത്തോടെ പകർച്ചവ്യാധികൾ തടയുന്നതിനുൾപ്പെടെ ആശുപത്രിയും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ ആശുപത്രികൾക്കും, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

<u>അഞ്ചാം സമ്മേളനം</u>

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ. 533 — 17.7.2007-ൽ മറുപടിക്ക്

## തീരപ്രദേശങ്ങളിലെ സാമൂഹ്യ ആരോഗ്യ പ്രവർത്തകർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. ജി. കാർത്തികേയൻ<br>ശ്രീ. എ.പി. അനിൽകുമാർ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

....

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ സാമൂഹ്യ ആരോഗ്യ പ്രവർത്തകരായി സന്നദ്ധസേവകരെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (എ) സംസ്ഥാനത്തെ തീരപ്രദേശങ്ങളിലും ആദിവാസി മേഖലകളിലും നഗരപ്രദേശങ്ങളിലെ ചേരിപ്രദേശത്തും സാമൂഹ്യ ആരോഗ്യ പ്രവർത്തകരെ നിയമിക്കുകയും അവർ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇതനുസരിച്ച് എത്ര പേരെ ഏതൊക്കെ തീരപ്രദേശങ്ങളിൽ നിയമിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ; | (ബി) ആയിരം ജനങ്ങൾക്ക് ഒരു പ്രവർത്തക എന്ന നിലയിൽ ആദ്യഘട്ടത്തിൽ താഴെപ്പറയുന്ന എണ്ണം പ്രവർത്തകരെ നിയമിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.<br>വയനാട് - 300<br>കണ്ണൂർ - 650<br>കാസറഗോഡ് - 350<br>ഇടുക്കി - 420<br>പാലക്കാട് - 700<br>കോട്ടയം - 650<br>മലപ്പുറം - 795<br>പത്തനംതിട്ട - 325<br>കോഴിക്കോട് - 740<br>തൃശ്ശൂർ - 889<br>കൊല്ലം - 660 |

(.... 2 ....)

ആലപ്പുഴ - 425
തിരുവനന്തപുരം - 775
എറണാകുളം - 790

| | | | |
|---|---|---|---|
| (സി) | ഇവരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; | (സി) | 1. അതത് പ്രദേശത്തെ താമസക്കാരിയായിരിക്കണം. വിവാഹിതയോ വിവാഹമോചനം നേടിയയാളോ, വിധവയോ ആയിരിക്കണം<br>2. 25-ഉം 45 ഉം വയസ്സിനിടയിൽ പ്രായമുള്ളവരായിരിക്കണം.<br>3. മികച്ച ആശയവിനിമയ കഴിവും നേതൃഗുണവും ഉണ്ടായിരിക്കണം. 8 ാം തരം വരെയെങ്കിലും വിദ്യാഭ്യാസം കിട്ടിയവരാകണം.<br>4. അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് വേണ്ടത്ര പ്രാതിനിധ്യം നല്കണം.<br>5. ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസേവകർക്ക് കഴിയുന്നത്ര മുൻഗണന നല്കണം. |
| (ഡി) | ഇവരുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ; | (ഡി) | ജില്ലാതലത്തിൽ മേൽനോട്ടം വഹിക്കുന്നത് ജില്ലാ ആരോഗ്യ കുടുംബക്ഷേമ സൊസൈറ്റിയാണ്. ജില്ലാ നോഡൽ ഓഫീസർ ആയി എൻ.ആർ.എച്ച്.എം. ജില്ലാ പ്രോഗ്രാം ഓഫീസർ പ്രവർത്തിക്കുന്നതാണ്. പ്രാഥമിക ആരോഗ്യകേന്ദ്രതലത്തിൽ ഇവരുടെ പ്രവർത്തന/പരിശീലന മേൽനോട്ടം പഞ്ചായത്തുതല/വാർഡുതല ആരോഗ്യ ശുചിത്വ കമ്മിറ്റി വഴിയും മെഡിക്കൽ ഓഫീസർ വഴിയുമാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | ഇവരുടെ യോഗ്യതയും സേവന വേതന വ്യവസ്ഥകളും എന്തൊക്കെയാണ് ? | (ഇ) | അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

## സാമൂഹ്യ ആരോഗ്യ പ്രവർത്തകരുടെ യോഗ്യതയും സേവന വേതന വ്യവസ്ഥകളും

### യോഗ്യതകൾ

1. ആ പ്രദേശത്തെ സ്ഥിരം താമസക്കാരിയായിരിക്കണം.
2. വിവാഹിതരോ, വിവാഹമോചനം നേടിയവരോ വിധവയോ ആകാം.
3. 25 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായം ഉള്ളവരായിരിക്കണം.
4. എട്ടാംതരം വരെയെങ്കിലും വിദ്യാഭ്യാസം ഉണ്ടായിരിക്കണം
5. മഹിളാസ്വസ്ത് പ്രവർത്തകർക്ക് മുൻഗണന നൽകണം.
6. മികച്ച ആശയവിനിമയ പാടവവും നേതൃത്വ-കാര്യശേഷിയും ഉണ്ടായിരിക്കണം.

### സേവന വേതന വ്യവസ്ഥകൾ

ആശ ഒരു സന്നദ്ധ പ്രവർത്തകയാണ്. ശമ്പളമോ, ഓണറേറിയമോ ലഭിക്കുകയില്ല. അവരുടെ സാധാരണ ഉപജീവനമാർഗ്ഗത്തിന് തടസ്സം വരാത്ത വിധത്തിലാണ് ആശയുടെ പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആശ ചെലവാക്കുന്ന സമയത്തിന് താഴെ പറയുന്ന വിധത്തിൽ പ്രതിഫലം നൽകാവുന്നതാണ്.

(എ) പരിശീലനകാലത്ത് ദിവസത്തിൽ 100/- രൂപ വച്ച് ഡി.എ. നൽകുന്നതാണ്. യഥാർത്ഥത്തിൽ ചെലവായ തുക യാത്രച്ചെലവായും നല്കും.

(ബി) പുതുക്കിയ ക്ഷയരോഗ ചികിത്സയുടെ ഭാഗമായി ഡോട്ട്സ് ചികിത്സയ്ക്ക് സഹായിക്കുന്ന വ്യക്തി എന്ന നിലയിൽ ഓരോ കേസിനും 250/- രൂപ വീതം ലഭിക്കുന്നു.

(സി) ആശയുടെ സഹായത്തോടെ ആരോഗ്യ സ്ഥാപനങ്ങളിൽ വച്ച് നടക്കുന്ന പ്രസവത്തിന് ഓരോന്നിനും ഗ്രാമപ്രദേശങ്ങളിലാണെങ്കിൽ 600 രൂപാ വീതവും പട്ടണപ്രദേശങ്ങളിലാണെങ്കിൽ 200/- രൂപ വീതവും നൽകുന്നു.

(............ 2.

(ഡി) രോഗപ്രതിരോധത്തിന് കുത്തിവയ്പ് നടത്തുന്ന ദിവസം ആശയ്ക്ക് കുട്ടികളെ കൂട്ടിവരുന്ന ആളായി പ്രവർത്തിക്കാവുന്നതാണ്. ഈ പരിപാടിയിലേയ്ക്ക് അഞ്ചു കുട്ടികളെയെങ്കിലും ആശ കൊണ്ടുവരികയാണെങ്കിൽ ആശയ്ക്ക് 100/- രൂപ കൊടുക്കാവുന്നതാണ്.

(ഇ) വന്ധ്യംകരണ നടപടികൾക്ക് പ്രോൽസാഹനം നല്കുന്നതിന്റെ ഭാഗമായി ആശയുടെ പ്രേരണയിൽ നടക്കുന്ന ഓരോ ട്യൂബക്ടമിക്കും 200/- രൂപ വച്ചും, ഓരോ വാസക്ടമിക്കും 300/- രൂപ വച്ചും ആശയ്ക്ക് നൽകാവുന്നതാണ്.

(എഫ്) ഇതിനു പുറമേ നവജാത ശിശുക്കളുടെ കണക്കെടുപ്പ്, പ്രസവത്തിന് മുൻപുള്ള പരിശോധന, ഗർഭിണികളുടെ കണക്കെടുപ്പ് തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നതിന് വാർഡു തല ആരോഗ്യ ശുചിത്വ കമ്മിറ്റിയ്ക്ക് ഓരോ സബ്സെന്ററിനും അനുവദിച്ചിട്ടുള്ള സ്വതന്ത്ര വിനിയോഗ ഫണ്ടിൽ നിന്നും ആശയ്ക്ക് പ്രതിഫലം നൽകാവുന്നതാണ്.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 534 — 17.07.2007ൽ മറുപടിക്ക്

## മെഡിക്കൽ കോളേജുകളിലെ സൗകര്യം മെച്ചപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ. സി.കെ.സദാശിവൻ<br>ശ്രീ. പി.വിശ്വൻ<br>ശ്രീമതി ജെ. അരുന്ധതി<br>പ്രൊഫ. സി.രവീന്ദ്രനാഥ് | ശ്രീമതി. പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | എ) സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ 2006 മേയ് മാസത്തിനു ശേഷം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം അനുബന്ധം I-ൽ ചേർത്തിട്ടുണ്ട്. |
| ബി) ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ പുതുതായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിച്ചിട്ടുണ്ട് ; | ബി) കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്ക് മെഡിക്കൽ കോളേജുകളിൽ പുതുതായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ ആരംഭിച്ചിട്ടില്ല. |
| സി) മെഡിക്കൽ കോളേജുകളിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | സി) അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്ന വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ അതനുസരിച്ച് വർദ്ധിക്കുന്നതാണ്. |
| ഡി) മെഡിക്കൽ കോളേജുകളുടെ വികസനത്തിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്ത് തുകയുടെ സഹായം ലഭിച്ചിട്ടുണ്ട്? | ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലൂടെ മെഡിക്കൽ കോളേജുകൾക്ക് ലഭിച്ച തുക സംബന്ധിച്ച വിവരം അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

S.534

അനുബന്ധം - I

[illegible] ...07.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 2006 മെയ് മാസത്തിനു ശേഷം നടപ്പിലാക്കിയ
വികസന പ്രവർത്തനങ്ങൾ / കൈവരിച്ച നേട്ടങ്ങൾ

1. ആലപ്പുഴ, തൃശ്ശൂർ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് രണ്ട് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിച്ചു. ഇവ യഥാക്രമം 4.12.2006 ലും 2.02.2007 ലും ഉദ്ഘാടനം ചെയ്യപ്പെട്ടു. [illegible]

2. കോട്ടയം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് 50 സീറ്റുകൾ വീതം വർദ്ധിപ്പിച്ചു.

3. കേരളത്തിൽ ഹെൽത്ത് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനായി കേരള സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. ബി. ഇക്ബാൽ അദ്ധ്യക്ഷനായി ഒരു സമിതിയെ നിയമിച്ചു. സമിതി ഇതു സംബന്ധിച്ച റിപ്പോർട്ട് 2007 ഏപ്രിൽ 7 ന് സർക്കാരിനു സമർപ്പിച്ചു.

4. സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകൾ, റീജിയണൽ ക്യാൻസർ സെന്റർ, 14 ജില്ലാ/താലൂക്ക് ആശുപത്രികൾ എന്നിവയെ ബന്ധിപ്പിച്ചുകൊണ്ടുള്ള ടെലി മെഡിസിൻ പദ്ധതി മാർച്ച് 14. 2007 ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ബഹു: ആരോഗ്യ വകുപ്പ് മന്ത്രി അദ്ധ്യക്ഷത വഹിച്ചു. ([illegible]).

5. ആലപ്പുഴയിൽ പ്രവർത്തിച്ചു വന്നിരുന്ന മെഡിസിൻ വിഭാഗവും അനുബന്ധ വിഭാഗങ്ങളും 1.1.2007 ൽ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രി സമുച്ചയത്തിലേക്ക് മാറി സ്ഥാപിച്ചു. വിപുലമായ ആഘോഷ പരിപാടികളോടെ 21.1.2007 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു.

...... തുടർച്ച 2-ാം പേജ്...

പേ.ജി.എസ്. 26.4.07.

6. കോഴിക്കോട് മെഡിക്കൽ കോളേജിൽ 12.85 കോടി രൂപ ചെലവഴിച്ച് പണി പൂർത്തിയാക്കിയ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് ആരോഗ്യ മന്ത്രി പി.കെ. ശ്രീമതി 2006 സെപ്റ്റംബർ 23 ന് ഉദ്ഘാടനം ചെയ്തു. ([illegible])

7. കോട്ടയം മെഡിക്കൽ കോളേജിൽ ട്രോമാ കെയർ ബ്ലോക്കിന് 12.2.2007 ൽ ആരോഗ്യ മന്ത്രി പി.കെ. ശ്രീമതി തറക്കല്ലിട്ടു. ([illegible]).

8. കഴിഞ്ഞ സാമ്പത്തിക വർഷം ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ ഏകദേശം പതിനൊന്നര കോടി രൂപയുടെ ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങുകയുണ്ടായി.

9. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സമ്പൂർണ്ണ കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയാക്കി. 2007 മാർച്ച് 16 ന് ബഹു: നിയമവകുപ്പ് മന്ത്രി ശ്രീ.എം. വിജയകുമാർ ഇതിന്റെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിച്ചു. ഇതോടൊപ്പം [illegible]
[illegible] 'arogyakerala.gov.in' 'govt medical college tvm.in', 'tvm mcalumini.org"
എന്നീ വെബ് സൈറ്റുകൾ പൊതു ജനങ്ങൾക്ക് ഉപയോഗയോഗ്യമാക്കി.
([illegible])

10. ആലപ്പുഴ, തൃശ്ശൂർ, കോട്ടയം മെഡിക്കൽ കോളേജുകളുടെ വികസനത്തിനായി നബാർഡിൽ നിന്നും 28.73 കോടി രൂപ ലഭ്യമാക്കി.

11. കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനത്തിനായി എൻ.ആർ.എച്ച്.എം. ൽ നിന്നും കേന്ദ്ര സഹായമായി 50 കോടി രൂപ ലഭ്യമാക്കി.

12. വിദേശത്ത് പ്രവർത്തിക്കുന്ന മെഡിക്കൽ വിദ്യാർത്ഥികളുടെ സഹായത്താൽ ആലപ്പുഴ മെഡിക്കൽ കോളേജിൽ ഒരു ഇലക്ട്രോണിക് ലൈബ്രറി 10.3.2007 മുതൽ പ്രവർത്തനം ആരംഭിച്ചു.

13. കോട്ടയം മെഡിക്കൽ കോളേജിൽ 2 കോടി 65 ലക്ഷം രൂപ ചെലവിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനായി 75 ലക്ഷം രൂപ സംസ്ഥാന സർക്കാർ അനുവദിച്ചു. ബാക്കി തുകയായ 190 ലക്ഷം രൂപ എസ് ബി ടി ലോണായി അനുവദിച്ചു.

14. തൃശ്ശൂർ മെഡിക്കൽ കോളേജിൽ അഗ്നി ശമന സംവിധാനത്തിന്റെയും പവർ ലോൺട്രിയുടേയും ഉദ്ഘാടനം ബഹു: റവന്യൂ വകുപ്പ് മന്ത്രി കെ.പി. രാജേന്ദ്രൻ 2007 ഫെബ്രുവരി 2-ാം തീയതി നിർവ്വഹിച്ചു.

15. തൃശ്ശൂർ മെഡിക്കൽ കോളേജിൽ 5 പി.ജി. കോഴ്സുകൾ പുതുതായി ആരംഭിച്ചു.

16. കേരളത്തിൽ ആദ്യമായി ആർ സി എൻ എച്ച് എ യുടേയും കെ സാക്സിൻേറയും സംയുക്ത സഹകരണത്തോടെ എച്ച് ഐ വി ചികിത്സയിൽ ഡോക്ടേഴ്സിന് ക്ലിനിക്കൽ പരിശീലനം നൽകുന്നതിന് ട്രെയിനിംഗ് സെൻറർ തൃശ്ശൂർ മെഡിക്കൽ കോളേജിൽ തുടങ്ങി.

17. എച്ച് ഐ വി ബാധ ഉണ്ടായിട്ടുള്ള ആളുകളുടെ രോഗ പ്രതിരോധ ശേഷി നിർണ്ണയിക്കാൻ സഹായിക്കുന്ന സിഡി4 സെൽ കൗണ്ട് എന്ന ടെസ്റ്റ് ചെയ്യാനുള്ള യന്ത്രം 6.2.06 മുതൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ മൈക്രോബയോളജി വിഭാഗത്തിൽ പ്രവർത്തനമാരംഭിച്ചു. എറണാകുളം, തൃശ്ശൂർ, കോട്ടയം, ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിലെ രോഗികൾക്ക് ഈ സേവനം പ്രയോജനപ്പെടുന്നു.

18. കോഴിക്കോട് മെഡിക്കൽ കോളേജിൽ ( ഐ എം സി എച്ച് ) ൽ 5 മുറികളോടെ 30 പേരെ കിടത്താൻ ശീതീകരണ സൗകര്യങ്ങളോടെ 23.2 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച ലൂക്കീമിയ വാർഡ് ആരോഗ്യ വകുപ്പ് മന്ത്രി പി.കെ.ശ്രീമതി 2.02.2007ൽ ഉദ്ഘാടനം ചെയ്തു.
( [illegible] ).

19. കോഴിക്കോട് മെഡിക്കൽ കോളേജിൽ എം ആർ ഐ സ്കാൻ സ്ഥാപിക്കുന്നതിനും കോട്ടയം മെഡിക്കൽ കോളേജിൽ സി.ടി സ്കാൻ സ്ഥാപിക്കുന്നതിനും ഉള്ള ഭരണാനുമതിയും ലഭിച്ചു കഴിഞ്ഞു.

20. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ യൂറോളജി ഡിപ്പാർട്ടുമെൻറിലെ സൗകര്യ-ങ്ങൾ വർദ്ധിപ്പിക്കുന്നതിൻെറ ഭാഗമായി ആധുനിക ഉപകരണങ്ങളുടെ ഉദ്ഘാടനം 26.7.06 ന് ബഹു: നിയമവകുപ്പ് മന്ത്രി ശ്രീ. എം. വിജയകുമാർ ഉദ്ഘാടനം ചെയ്തു. മാത്രവുമല്ല തിരുവനന്തപുരം മെഡിക്കൽ കോളേജിന് പ്രധാന മന്ത്രിയുടെ സ്വാസ്ഥ്യ സുരക്ഷാ യോജ-നയുടെയും കീഴിൽ ഉൾപ്പെടുത്തി 100 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ( [illegible] ).

S.O.

വിശ്വസ്തതയോടെ,

വി.എം. [illegible]

അനുബന്ധം - II

## CENTRAL ASSISTANCE (Year wise details)

**,e Of Department: Directorate Of Medical Education(last 5 Years)**

| Name of Center | Name of Scheme | Allocation |
|---|---|---|
| 1 | 2 | 3 |
| | **2002-2003** | |
| MCTVPM | Upgradation of Diagnostic Facilities | Rs.150 Lakhs |
| | **2003-2004** | |
| RIO,TVPM | Modernization of RIO | Rs.300 Lakhs |
| MCKKD | Improvement of Trauma Care KKD | Rs.142 Lakhs |
| | **2004-2005** | |
| | NIL | |
| | **2005-2006** | |
| MCKKD | Bio Medical waste diaposal | Rs.106 Lakhs |
| MC, TVM | Development of Trauma care Centre | Rs.144.86 Lakhs |
| " | Development of Oncology wing | Rs.300 Lakhs |
| " | Hospital Waste management | Rs. 85 lakhs |
| " | Development of Cardiothoracic Surgery, Medical College Hospital | Rs.100 lakhs |
| MCKKD | Completion of Superspeciality Block | 9 crores |
| " | Development of the Oncology Wing of Radiotherapy Department under the Scheme NCCP | Rs.150 Lakhs |
| MC, TSR | Development of Oncology wing | Rs.120 Lakhs |
| MC,KTM | Development of Trauma Care Centre | Rs.146.25 Lakhs |
| MC, ALP | Up gradation of Nursing School | Rs.150 Lakhs |
| MC,TVM/ KKD/ TSR | Strengthening of Psychiatry Departments in Medical Colleges | MC, TVM : 11,90,525<br>MC, TCR : 11,16,500<br>MC, KKD : 9,70,125<br>Total 32,77,150 |
| NC,TVM | Strengthening of Nursing College | Rs.10 lakhs |
| MC, KKD and KTM | District Mental Health Programme in Kannur and Idukki | Kannur : Rs. 26.20 Lakhs<br>Idukki : Rs. 26.20 Lakhs |
| | **2006-2007** | |
| Nursing education | | Rs.200Lakhs |
| | TOTAL | **3079.2815 Lakhs** |

## പന്ത്രണ്ടാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.535 | 17.7.2007-ൽ മറുപടിയ്ക്ക് |

### അനധികൃത മരുന്ന് ഉല്പാദന കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ടി. അഹമ്മദലി<br>ശ്രീ. കെ. മുഹമ്മദുണ്ണിഹാജി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) മതിയായ അനുമതിയോ രേഖകളോ ഇല്ലാതെ സംസ്ഥാനത്ത് അലോപ്പതി മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ വ്യാപകമായി പ്രവർത്തിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) എങ്കിൽ പൊതുജനങ്ങളുടെ ആരോഗ്യത്തിന് ഹാനികരമാകുന്ന മരുന്നുൽപ്പാദനശാലകളുടെമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | ബി) ബാധകമല്ല |
| സി) ഇനിയും എന്തെല്ലാം നടപടികളാണ് ഇത്തരം വ്യാജമരുന്നുല്പാദനശാലകളുടെ മേൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ? | സി) വ്യാജമരുന്നുല്പാദന ശാലകൾ കണ്ടെത്തുകയാണെങ്കിൽ ഉല്പ്പാദനം നിർത്തിച്ച് കുറ്റക്കാർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.536 | 17.7.2007-ൽ മറുപടിയ്ക്ക് |
|---|---|

ഔഷധിയുടെ നേട്ടങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ. എം.എം. മോനായി<br>ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |

| | |
|---|---|
| എ) ആയുർവേദ ഔഷധ നിർമ്മാണ രംഗത്ത് ഔഷധിയ്ക്ക് എന്തു മാത്രം നേട്ടം കൈവരിക്കാനായി എന്ന് വ്യക്തമാക്കുമോ; | എ) കഴിഞ്ഞ ഏതാനും വർഷങ്ങളായി ഔഷധി ഉല്പ്പാദനത്തിൽ സ്ഥിരമായി വർദ്ധനവ് ഉണ്ടാക്കുന്നുണ്ട്. 2004-2005 വർഷം 14 കോടി രൂപ വിറ്റുവരവ് ഉണ്ടായിരുന്നത് 2005-2006 ൽ 19 കോടി രൂപയായും 2006-2007 ൽ 22 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. സർക്കാർ മേഖലയിൽ ഇൻഡ്യയിലെ ഏറ്റവും വലിയ ആയുർവേദ ഔഷധ നിർമ്മാണ സ്ഥാപനമായി ഔഷധി വളർന്നിരിക്കുന്നു. |
| ബി) ഔഷധിയുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | ബി) ഔഷധിയുടെ വികസന പ്രവർത്തനങ്ങൾക്കായി നാളിതുവരെ 6.12 കോടി രൂപ കേരള സർക്കാർ മൂലധനമായി ഔഷധിയ്ക്ക് നൽകിയിട്ടുണ്ട്. കേരള സർക്കാരിന്റെ കീഴിലുള്ള ആയുർവേദ സ്ഥാപനങ്ങൾക്കാവശ്യമായ മുഴുവൻ മരുന്നുകളും ഔഷധിയിൽ നിന്ന് വാങ്ങുന്നു. ഔഷധ സസ്യകൃഷി വികസിപ്പിക്കുന്നതിനായി കണ്ണൂർ ജില്ലയിലെ പരിയാരത്ത് 83 ഏക്കർ സ്ഥലം പാട്ട വ്യവസ്ഥയിൽ അനുവദിച്ചിട്ടുണ്ട്. ഔഷധിയുടെ കീഴിലുള്ള പഞ്ചകർമ്മ ആശുപത്രിയിലെ ചികിത്സയ്ക്ക് സർക്കാർ ജീവനക്കാർക്ക് റീ-ഇൻപേഴ്സ്മെന്റ് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. |
| സി) ഔഷധിയുടെ റീജിയണൽ സെന്റർ പരിയാരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | സി) പരിയാരത്ത് ഒരു റീഡിസ്ട്രിബ്യൂഷൻ സെന്റർ തുടങ്ങുന്നതിനുള്ള നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| ഡി) ഗുണമേൻമയുള്ള ആയുർവേദ ഔഷധം ഔഷധി മുഖേന ലഭിക്കുമെന്നതിനാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; | ഡി) ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് പല നടപടികളും സ്വീകരിച്ചുവരുന്നു. |
| ഇ) ഔഷധി നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്. | ഇ) ഔഷധിയുടെ ഗവേഷണ വിഭാഗത്തിൽ വിവിധ പേറ്റന്റ് മരുന്നുകൾ നിർമ്മിക്കുന്നതിനാവശ്യമായ ഗവേഷണങ്ങൾ നടന്നുവരുന്നു. ഇത്തരത്തിൽ 18 പേറ്റന്റ് മരുന്നുകൾ വിപണിയിൽ ഇറക്കിയിട്ടുണ്ട്. രക്താതിമർദ്ദം, അമിതമായ കൊഴുപ്പ്, അതിമേദസ്, വന്ധ്യത എന്നിവയ്ക്കുള്ള ഔഷധങ്ങൾ ഗവേഷണത്തിന്റെ അന്തിമ ഘട്ടങ്ങളിലെത്തി നിൽക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.537 17-7-2007-ൽ മറുപടിക്ക്

## പ്ലാസ്റ്റിക് നിരോധിക്കുന്നതിന് നിയമനിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.സി.വേണുഗോപാൽ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനം ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഇപ്പോൾ ഏതൊക്കെ പ്ലാസ്റ്റിക് വസ്തുക്കളാണ് നിരോധിച്ചിട്ടുള്ളത്; | ബി) 30 മൈക്രോണിൽ താഴെ കനമുള്ളതും 8X12 ഇഞ്ചിൽ (20X30 സെന്റീ മീറ്റർ) താഴെ വലിപ്പമുള്ളതുമായ പ്ലാസ്റ്റിക് ക്യാരീ ബാഗുകളും, 30 മൈക്രോണിൽ താഴെ കനംവരുന്ന കുപ്പികൾ, കപ്പുകൾ, പാക്കേജിംഗ് മെറ്റീരിയൽ തുടങ്ങിയ പ്ലാസ്റ്റിക് കണ്ടെയ്നറുകളും ഉല്പാദിപ്പിക്കുന്നതും, സംഭരിക്കുന്നതും, വിതരണം നടത്തുന്നതും, ഉപയോഗിക്കുന്നതും, കടത്തിക്കൊണ്ടുപോകുന്നതും, ശേഖരിക്കുന്നതും, തരംതിരിക്കുന്നതും, പുനഃചക്രമണം ചെയ്യുന്നതും, സംസ്ഥാനമൊട്ടാകെ നിരോധിച്ചിട്ടുണ്ട്. പി.വി.സി.പോലുള്ള ഹാലജനേറ്റഡ് പ്ലാസ്റ്റിക് കൊണ്ടു നിർമ്മിതമായ പ്ലാസ്റ്റിക് ക്യാരീ ബാഗുകളും കണ്ടെയ്നറുകളും മൊത്തത്തിൽ നിരോധിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| സി | നിരോധിച്ചിട്ടുള്ള പല സി പ്ലാസ്റ്റിക് വസ്തുക്കളും സംസ്ഥാനത്തൊട്ടാകെ ഉപയോഗിക്കുന്നു എന്ന വസ്തുത കണക്കിലെടുത്ത് ഇവയുടെ ഉപയോഗം കർശനമായി നിരോധിക്കുന്നതിന് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുമോ; | 10000-ൽ താഴെ എണ്ണം നിരോധിത ക്യാരി ബാഗോ കണ്ടെയിനറോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ വിൽപ്പന നികുതി അധികൃതരോ, റവന്യൂ അധികൃതരോ, പോലീസോ പിടികൂടിയാൽ കുറ്റക്കാർക്കെതിരെ പോലീസ്. ഐ.പി.സി.188-ാം വകുപ്പുപ്രകാരം കേസ് എടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. 10000-ൽ അധികം നിരോധിത വസ്തുക്കൾ പിടികൂടിയാൽ അത് പൊല്യൂഷൻ കൺട്രോൾ ബോർഡിനെ ഏൽപ്പിക്കാനും ബോർഡ് പരിസ്ഥിതി നിയമം 15-ാം വകുപ്പുപ്രകാരം കേസ് എടുക്കാനും സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. പോലീസ് എടുക്കുന്ന കേസിന് ഒരു മാസംവരെ തടവും 200 രൂപ വരെ പിഴയും വിധിക്കാം. ബോർഡ് എടുക്കുന്ന കേസുകളിൽ 5 വർഷംവരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും വിധിക്കാം. |

| | | | |
|---|---|---|---|
| ഡി | പ്ലാസ്റ്റിക്മൂലമുള്ള വിപത്തുകൾ വർദ്ധിക്കുന്നത് കണക്കിലെടുത്ത് ഇവ നിരോധിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണിക്കുമോ? | ഡി | ജൈവ ജീർണ്ണനം നടക്കാത്ത പ്ലാസ്റ്റിക് ക്യാരീ ബാഗുകൾ ഉൾപ്പെടെയുള്ള പാഴ് വസ്തുക്കൾ മണ്ണിൽ സൂക്ഷ്മ ജീവികളുടെയും വെള്ളത്തിന്റെയും പോഷകങ്ങളുടെയും സഞ്ചാരം തടയുന്നതിനുള്ള സാധ്യത കണക്കിലെടുത്ത് കേന്ദ്ര സർക്കാർ 1986-ലെ പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം 1999-ൽ പ്ലാസ്റ്റിക് മാനിഫാക്ചർ സെൽ ആന്റ് യൂസേജ് റൂൾസ് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് ക്യാരീ ബാഗുകൾക്കും കണ്ടെയിനറുകൾക്കുമായി കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ചട്ടങ്ങൾ നിലവിലുള്ളതിനാൽ ഇതിനായി പ്രത്യേക നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല. |

(signature)

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 538 — 17.7.2007-ൽ മറുപടിയ്ക്ക്

### വഖഫ് ബോർഡ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.അൽഫോൺസ് കണ്ണന്താനം :<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ :<br>ശ്രീ.ബി.ഡി.ദേവസ്സി :<br>ശ്രീ.ടി.പി.കുഞ്ഞുണ്ണി :<br>ശ്രീമതി.കെ.കെ.ലതിക : | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി) |
| എ) | വഖഫ് ബോർഡിൽ രജിസ്ട്രേഷന് അപേക്ഷിക്കുന്നവർക്ക് മുഴുവൻ പേർക്കും രജിസ്ട്രേഷൻ ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ; | എ) | ഉണ്ട്. രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ പരിശോധിച്ച് തീർപ്പുണ്ടാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2004 ജനുവരി മുതൽ 2007 മെയ് വരെ 400 വഖഫുകൾ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) | ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; | ബി) | കാലതാമസം ഒഴിവാക്കുന്നതിനും രജിസ്ട്രേഷൻ അപേക്ഷകളിലെ അപാകതകൾ പരിഹരിക്കുന്നതിനും വഖഫ് ബോർഡ് 'രജിസ്ട്രേഷൻ അദാലത്തുകൾ ' നടത്തി വരുന്നുണ്ട്. |
| സി) | വഖഫ് ബോർഡിന്റെ ഭരണപരമായ ആവശ്യങ്ങൾക്ക് സർക്കാർ ഫണ്ട് അനുവദിക്കാറുണ്ടോ ; ഈ ഇനത്തിൽ ഈ വർഷം എന്ത് തുക സർക്കാർ അനുവദിച്ചിട്ടുണ്ട് ; | സി) | ഉണ്ട്. ഈ സാമ്പത്തിക വർഷത്തെ ബജറ്റിൽ അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റായി 50 ലക്ഷം(അൻപത് ലക്ഷം രൂപ) രൂപ വകയിരുത്തിയിട്ടുണ്ട്. ഈ ഇനത്തിൽ ഈ സാമ്പത്തിക വർഷം ആദ്യ ഗഡുവായി 16 ലക്ഷം രൂപ നൽകി കഴിഞ്ഞു. |
| ഡി) | വഖഫ് ബോർഡ് മുഖേന നടപ്പാക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ ഏതെല്ലാമാണ് ; ഈ പദ്ധതികൾക്കായി സർക്കാർ സഹായം നൽകാറുണ്ടോ ; ഈ വർഷം ഈ ഇനത്തിൽ സർക്കാർ എന്ത് തുക അനുവദിച്ചു ? | ഡി) | വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പദ്ധതി പ്രകാരം വഖഫ് സ്ഥാപനങ്ങളിൽ ജോലി ചെയ്തിട്ടുള്ള ഇമാം, മുക്രി, മുദരിസ്, മദ്രസ അദ്ധ്യാപകൻ തുടങ്ങിയവർക്ക് പെൻഷനും, ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വഖഫുകളിലെ ദരിദ്രരായ പെൺകുട്ടികൾക്ക് വിവാഹ ധനസഹായവും, രോഗബാധിതരായവർക്ക് രോഗ ചികിത്സാ സഹായവും ആണ് ബോർഡ് നടപ്പാക്കുന്ന സാമൂഹ്യ സുരക്ഷാ പദ്ധതികൾ. ഈ പദ്ധതികൾക്കായി ഈ സാമ്പത്തിക വർഷത്തെ (2007-08) ബജറ്റിൽ 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആദ്യ ഗഡുവായി 16 ലക്ഷം രൂപ നൽകി കഴിഞ്ഞു. സാമൂഹ്യ സുരക്ഷാ പദ്ധതി എന്ന പേരിൽ ഒരു പദ്ധതിയില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം :539

17.07.2007-ൽ മറുപടിക്ക്

ഹൈഡ്രോളജി പ്രോജക്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. സി. ജോർജ് : | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ ഹൈഡ്രോളജി പ്രോജക്ട് നടപ്പിലാക്കുന്നതിന് ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ ; | (എ) കേരളത്തിൽ ഹൈഡ്രോളജി പ്രോജക്ട് നടപ്പിലാക്കുന്നതിന് ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ എത്ര കോടി രൂപയുടെ അനുമതിയാണ് ലഭിച്ചിട്ടുള്ളത് ; | (ബി) കേരളത്തിന് 18.35 കോടി രൂപയുടെ ലോക ബാങ്ക് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ ഭൂതലജല വിഭാഗത്തിന്റെ വിഹിതം 7.55 കോടി രൂപയും ഭൂജല വിഭാഗത്തിന്റെ വിഹിതം 10.8 കോടി രൂപയുമാണ്. |
| (സി) ഇതിന് ആവശ്യമായിട്ടുള്ള എഗ്രിമെന്റ് ഒപ്പിട്ടിട്ടുണ്ടോ ; | (സി) ഇതിന് ആവശ്യമായിട്ടുള്ള എഗ്രിമെന്റ് 2006 ജനുവരി 19-ാം തീയതി ഇന്ത്യാ ഗവൺമെന്റും ലോക ബാങ്കും തമ്മിൽ ഒപ്പു വച്ചു. |
| (ഡി) ഹൈഡ്രോളജി പ്രോജക്ട് ഫേസ്-2-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (ഡി) ഹൈഡ്രോളജി പ്രോജക്ട് ഫേസ്-2-ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇനങ്ങൾ രണ്ട് എണ്ണമാണ്.<br>1) ഹൈഡ്രോളജിക്കൽ സ്ഥാപനങ്ങളുടെ ശാക്തീകരണം<br>2) വെർട്ടിക്കൽ എക്സ്റ്റൻഷൻ (വിശദീകരണം അനുബന്ധമായി ചേർക്കുന്നു. |
| (ഇ) ഈ പ്രോജക്ട് എന്ന് ആരംഭിച്ച് എന്ന് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ? | (ഇ) ഹൈഡ്രോളജി പ്രോജക്ട് ഫേസ്-2- 5.4.2006-ൽ ആരംഭിച്ചു. 30.6.2012-ൽ പൂർത്തീകരിക്കും. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 540 | 17/7/2007 -ൽ മറുപടിക്ക് |
|---|---|

**പകർച്ചപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന് പുതിയ നടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>" കെ.സി.വേണുഗോപാൽ<br>" ജോർജ്ജ് മേഴ്സിയർ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തുണ്ടായ പകർച്ചപ്പനി കാലവർഷം ശക്തമാകുന്നതോടെ കുറയുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും ഇപ്പോഴും ഈ രോഗം സംസ്ഥാനത്തൊട്ടാകെ പടർന്നുപിടിക്കുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത രോഗം തടയുന്നതിന് സ്വീകരിച്ച പ്രതിരോധ നടപടികൾ ഫലപ്രദമാകാത്ത സാഹചര്യത്തിൽ ജനങ്ങളുടെ ഭീതി അകറ്റുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുമായി പുതിയതായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; | (ബി) രോഗബാധ കൂടുതലുള്ള പ്രദേശങ്ങളിൽ രോഗം വ്യാപിക്കാതിരിക്കുവാനും ജനങ്ങളുടെ ഭീതി ഒഴിവാക്കുന്നതിനുമാവശ്യമായ നടപടികൾ നടത്തിവരുന്നുണ്ട്. മെഡിക്കൽ ഓഡിറ്റ് നടത്തി മരണങ്ങളുടെ യഥാർത്ഥ കാരണം കണ്ടെത്തി ജനങ്ങളെ അറിയിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

S-540

(സി) ഇത്തരം മാരകരോഗങ്ങൾ യഥാസമയം കണ്ടെത്തുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും സഹായകമാകുന്ന തരത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസ്, ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് എന്നിവയുടെ മേഖലാ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ മുൻകൈയ്യെടുക്കുമോ?

(സി) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിയ്ക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കബിൾ ഡിസീസസിന്റെ മേഖലാ കേന്ദ്രങ്ങൾ ഇപ്പോൾത്തന്നെ കോഴിക്കോട്ടും ചേർത്തലയിലും പ്രവർത്തിച്ചു വരുന്നുണ്ട്. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് എന്ന കേന്ദ്ര സ്ഥാപനത്തിൽ നിന്നും വിദഗ്ദ്ധർ കേരളത്തിലെത്തി പഠനം നടത്തി ആവശ്യമായ നിർദ്ദേശം നൽകുന്നതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ